യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05 - 10 - 2018

വാല്യം 14 | ലക്കം: 10 | ഒക്ടോബർ 2018 | Price Rs. 10/- | Annual Subscription RS. 100/-

# ലോകം സോദോമിലേക്ക്

സ്വന്തം ലേഖകൻ

**സ്വ**വർഗ വിവാഹം നിയമവിധേയമാക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇനി ഇന്ത്യയും. നേരത്തെ 25 രാജ്യങ്ങൾ ഇത്തരം വിവാഹങ്ങളെ അംഗീകരിച്ചിട്ടുണ്ട്. സ്വവർഗ ലൈഗീംകത കുറ്റകരമാക്കുന്ന, ഇന്ത്യൻ ശിക്ഷാ നീയമത്തിലെ 377–ാം വകുപ്പ് സുപ്രീം കോടതി റദ്ദാക്കി. പ്രായപൂർത്തിയാവർ തമ്മിൽ സമ്മതത്തോടെ നടത്തുന്ന ലൈഗീംക ബന്ധം കുറ്റകരമായി കാണാനാവില്ലെന്ന് ചരിത്രപ്രധാനമായ വിധി ന്യായത്തിൽ അഞ്ചംഗ ഭരണഘടനാ ബെഞ്ച് വ്യക്തമാക്കി. 377–ാം വകുപ്പ് റദ്ദാക്കുന്നതിനെ ക്രൈസ്തവ സംഘടനകൾ കോടതിയിൽ എതിർത്തിരുന്നു.എന്നാൽ ഈ വിധി രാജ്യത്തെ ധാർമ്മിക അരാജകത്വത്തിലേക്ക് നയിക്കുന്നതാണ്. പുരുഷന്മാർ പരസ്പരം വിവാഹം ചെയ്യുന്നതും സ്ത്രീകൾ തമ്മിൽ വിവാഹം ചെയ്യുന്നതും കുടുംബ സംവിധാനത്തെ തകർക്കും. വ്യക്തി സ്വാതന്ത്ര്യത്തിന്റെ പേരിൽ കുറ്റകൃത്യങ്ങളെ അംഗീകരിക്കാൻ ഒരു സമൂഹത്തിനും സാധിക്കില്ല. ഇത്തരം അപകടകരങ്ങളായ പരീക്ഷണങ്ങൾ മനുഷ്യസമൂഹത്തെ നശിപ്പിക്കുന്നതും ലോകത്തിന്റെ ഭാവിയെ തന്നെ ഇല്ലാതാക്കുന്നതുാണ്. ദൈവം സ്ഥാപിച്ച കുടുംബം, അതിൽ ലൈഗീംകത പോലെ തന്നെ പ്രധാനമാണ് പ്രജനനവും. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറയുവിൻ എന്ന ദൈവകല്പനയ്ക്ക് എതിരാണ് സ്വവർഗ വിവാഹം. പൗരന്മാരുടെ മൗലികാവകാശങ്ങളും ന്യൂനപക്ഷ സ്വാതന്ത്ര്യാവകാശങ്ങളും സംരക്ഷിക്കപ്പെടണം. എന്നാൽ ധാർമ്മിക ഉത്തരവാദിത്തം സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. മതങ്ങളെയും വ്യക്തി നിയമങ്ങളെയും കുടുംബങ്ങളെയും കുട്ടികളെയുമൊക്കെ ദോഷകരമായി ബാധിക്കുന്ന സാഹചര്യമാണ് ഈ വിധിയിലൂടെ ഉണ്ടാകുന്നത്. സ്വവർഗ ലൈംഗികത പച്ചയായി അവതരിപ്പിക്കുന്ന ഇക്കാലത്ത് അധാർമികതയ്ക്കുനേരെ കണ്ണടയ്ക്കുന്ന ഇന്നത്തെ രീതി സ്വവർഗ ലൈംഗികത പരീക്ഷിച്ചുനോക്കാൻ അനേകരെ പ്രേരിപ്പിച്ചിരിക്കുന്നു.സ്വവർഗ ലൈംഗികതയുടെ കാരണക്കാർ ജീനുകളാണെന്ന് ചിലർ പറയുന്നു. എന്നാൽ അത് ആർജിച്ചെടുക്കുന്ന ഒന്നാണെന്നാണ് മറ്റുള്ളവരുടെ പക്ഷം. അത് സഹജമാണോ ആർജിതമാണോ എന്നതിനെക്കുറിച്ചല്ല ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്. വാസ്തവത്തിൽ, സ്വവർഗ ലൈംഗികതയുടെ കാരണമെന്നനിലയിൽ ഒരൊറ്റ സംഗതി

കവർ സ്റ്റോറി

ഷൈജു തോമസ് ഞാറയ്ക്കൽ

യിലേക്കു മാത്രം വിരൽചൂണ്ടുന്നത് വസ്തുതകളുടെ വളച്ചൊടിക്കലായിരിക്കും എന്നു തോന്നുന്നു. സ്വവർഗ ലൈംഗികതയ്ക്ക് മറ്റു പെരുമാറ്റങ്ങളുടെ കാര്യത്തിലെന്നപോലെ ഒന്നിലധികം കാരണങ്ങളുള്ളതായി കാണപ്പെടുന്നു. കാരണം എന്തുതന്നെ ആയിരുന്നാലും, സ്വവർഗ ലൈംഗികപരമായ പ്രവൃത്തികളെ ബൈബിൾ കുറ്റംവിധിക്കുന്നു എന്നതാണ് തിരിച്ചറിയേണ്ട പ്രധാനപ്പെട്ട സംഗതി. സ്വവർഗ അനുരാഗത്തിന് നമ്മുടെ സമൂഹം വലിയ പ്രാധാന്യമൊന്നും കൽപ്പിച്ചിരുന്നില്ല. മറവിലും ഒളിവിലും വികാരശമനം നടത്തിയിരുന്ന സ്വവർഗാനുരാഗികൾ ഇന്നിപ്പോൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തുകയാണ്. ഇതുവരെ സ്വയം സംരക്ഷിച്ചിരുന്ന ഇക്കൂട്ടർക്ക് ഇനി നിയമവും സംരക്ഷണം നൽകും.ജനിതകമോ മാനസികമോ അതുമല്ലെങ്കിൽ ഹോർമോൺ വ്യതിയാനമോ ആയിരിക്കാം സ്വവർഗ അനുരാഗം എന്ന സവിശേഷ ലൈംഗിക അഭിവാഞ്ചയുടെ കാരണം. ഇത്തരക്കാരെ രോഗികളായോ പാപികളായോ മുദ്രകുത്തരുത് എന്ന് 1974 ൽ അമേരിക്കൻ സൈക്ക്യാട്രിക് അസോസിയേഷൻ ശക്തിയുക്തം വാദിച്ചു. പിന്നീട് പല രാജ്യങ്ങളും ഈ ലൈംഗിക സവിശേഷതയെ നിയമാനുസൃതം അംഗീകരിക്കുകയും ചെയ്തു. യൂറോപ്പിലെ മിക്ക രാജ്യങ്ങളും സ്വവർഗ വിവാഹം അംഗീകരിക്കുന്നു. ലാറ്റിനമേരിക്കയിൽ കൊളംബിയ ഉൾപ്പെടെയുള്ള രാജ്യങ്ങൾ അംഗീകാരം നൽകി. പല രാജ്യങ്ങളിലും സ്വവർഗ വിവാഹം നിയമവിധേയമാക്കണമെന്നാവശ്യപ്പെട്ട് സമരങ്ങൾ നടക്കുന്നുണ്ട്.

ലോകത്തിലെ പല സംസ്കാരങ്ങളും പല സമയത്ത് പല രീതിയിലാണ് സ്വവർഗ്ഗലൈംഗിതയെ സമീപിച്ചിട്ടുള്ളത്. ചിലപ്പോൾ അംഗീകരിച്ചും ചിലപ്പോൾ ഖണ്ഡിച്ചും സമൂഹങ്ങൾ ഇതിനോട് പ്രതികരിച്ചിട്ടുണ്ട്. അബ്രഹാമികമതങ്ങൾ പിന്തുടരുന്ന മതസ്ഥാപനങ്ങൾ എല്ലാം സ്വവർഗ്ഗരതിയെ അസ്വീകാര്യമായി കാണുന്നു. സെമിറ്റിക്ക് മതങ്ങൾ ഇതൊരു പാപമായി കാണുന്നു. വൈദേശിക രാജ്യങ്ങളിൽ ഈ വിഷയത്തെ മതപരമായ നീതിബോധത്തോടെ സമീപിക്കുന്നത് കുറ്റകരമായാണ് ചിത്രീകരിക്കപ്പെടുന്നത്. സ്വവർഗ്ഗാനുരാഗം പ്രകൃതിവിരുദ്ധമാണെന്ന ആശയത്തിന്റെ കരടുകൾ പുരാതന ഗ്രീക്കിലെ എഴുത്തുകളിൽ കാണാം. പ്ലേറ്റോ പോലെ ഉള്ളവർ സ്വലിംഗത്തിൽ പെട്ടവർ തമ്മിലുള്ള ലൈഗീംകത അപ്രാകൃതികമാണെന്ന് പറഞ്ഞു.

സ്വവർഗ്ഗ ലൈംഗീകതയക്ക് മനുഷ്യ വർഗ്ഗത്തോളും തന്നെ പഴക്കമുണ്ട്. സോദോം- ഗോമോറ പട്ടണങ്ങളെ ദൈവം നശിപ്പിച്ചതിന്റെ കാരണം ഇതായിരുന്നു. സ്വവർഗ്ഗ ഭോഗവും, വിവാഹവും അവലക്ഷണമായതെന്നാണ് വിശുദ്ധ വേദപുസ്തകം പറയുന്നത്. (ഉൽപത്തി.19:1 –13: ലേവ്യ.18:22: റോമർ.1:26–27; 1കൊരിന്ത്യർ.6:9). ശാസ്ത്രം പറയുന്നതു പോലെ സ്വവർഗ്ഗാനുരാഗിയായി ദൈവം ആരേയും സൃഷ്ടിക്കുന്നില്ല. ദൈവത്തെ നിഷേധിക്കുന്നതിന്റേയും അനുസരിക്കാതിരിക്കുന്നതിന്റേയും ഫലമാണ് ഇത്തരം വൈകാരിക മണ്ഡലം ഒരുവനിൽ ഉളവാകുന്നതെന്ന് റോമർ.1:26,27 വ്യക്തമായി പറയുന്നു. ദൈവത്തെ മറന്ന് അധാർമ്മീകതയിലും പാപത്തിലും അവിശ്വാസത്തിലും തുടരുമ്പോൾ, ജീവിതത്തിന്റെ ശൂന്യതയും നിരാശാജനകമായ അനുഭവങ്ങളും മനസ്സിലാക്കേണ്ടതിന് ദൈ

*(ശേഷം പേജ് 6)*

# ചർച്ച് ഓഫ് ഗോഡ് കർണ്ണാടകാ കൺവൻഷൻ

## ഒക്ടോബർ 18 മുതൽ 21 വരെ


റവ. കെൻ ആൻഡേഴ്സൺ


റവ. എം. കുഞ്ഞപ്പി


റവ. സി.സി. തോമസ്


പാ. പി.ആർ. ബേബി


പാ. ഇ.ജെ. ജോൺസൺ


പാ. തോമസ് പോൾ


പാ. റെജി ശാസ്താംകോട്ട


പാ. ജെൻസൺ ജോയി


പാ. ഷൈജു ഞാറയ്ക്കൽ

**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണ്ണാടകാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ ഒക്ടോബർ 18 മുതൽ 21 വരെ ലിംഗരാജപുരം കാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. 18–ാം തീയതി വ്യാഴാഴ്ച വൈകിട്ട് 5.30 ന് സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി കൺവൻഷൻ ഉത്ഘാടനം ചെയ്യും.

സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ തോമസ് പോൾ ഉത്ഘാടനസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കും. എബ്രയാർ 12:14 ആധാരമാക്കി ''ശുദ്ധീകരണം'' എന്നതാണ് കൺവൻഷൻ തീം. ഏഷ്യൻ സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സൺ, റവ.സി.സി. തോമസ് (സ്റ്റേറ്റ് ഓവർസീയർ, കേരളാ സ്റ്റേറ്റ്), പാ. പി. ആർ. ബേബി, പാസ്റ്റർമാരായ ഇ. ജെ. ജോൺസൺ, റെജി ശാസ്താംകോട്ട, ജെൻസൺ ജോയി, ഷൈജു തോമസ് ഞാറയ്ക്കൽ എന്നീ ദൈവദാസന്മാർ പ്രധാന വചനശുശ്രൂഷകൾ നിർവ്വഹിക്കും. എല്ലാ ദിവസവും രാവിലെ ധ്യാനയോഗം ഉണ്ടായിരിക്കും.

19–ാം തീയതി രാവിലെ 9.30 ന് ലേഡീസ് മീറ്റിംഗ്, ഉച്ചയ്ക്ക് 2 മണിക്ക് ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ് വാർഷിക സമ്മേളനം, 20–ാം തീയതി ശനിയാഴ്ച രാവിലെ വൈ.പി.ഇ, സൺഡേസ്കൂൾ സമ്മേളനം, ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്റേഴ്സ് കോൺഫ്രൻസ്, 21–ാം തീയതി ഞായറാഴ്ച രാവിലെ 8.30 ന് പൊതു ആരാധന എന്നിവയായിരിക്കും മറ്റ് പ്രധാന പ്രോഗ്രാമുകൾ. 20–ാം തീയതി ഉച്ചയ്ക്ക് 3.30 ന് 2018–20 കാലഘട്ടത്തിലേയ്ക്കുള്ള സ്റ്റേറ്റ് കൗൺസിൽ ഇലക്ഷൻ നടക്കുന്നതായിരിക്കും. സ്റ്റേറ്റ് ഓവർസീയർ പ്രിസൈഡിംഗ് ഓഫീസറായിരിക്കും.

എല്ലാ ദിവസവും വൈകിട്ട് 5.30 മുതൽ 9 വരെ പൊതുയോഗം ഉണ്ടായിരിക്കും. ചർച്ച് ഓഫ് ഗോഡ് ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കും.

www.shalombeatstv.com സൈറ്റിൽ കൺവൻഷൻ ലൈവായി കാണാവുന്നതാണ്.

# ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു


റവ. സി.സി. തോമസ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 96–ാമത് ജനറൽ കൺവൻഷൻ 2019 ജനുവരി 21 മുതൽ 27 വരെ തിരുവല്ലായിലുള്ള ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ സ്റ്റേഡിയത്തിൽ വച്ച് നടക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

ജനറൽ കൺവൻഷന്റെ ആദ്യ ആലോചനായോഗം ഒക്ടോബർ 2–ാം തീയതി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജിയുടെ അദ്ധ്യക്ഷതയിൽ സഭാ ആസ്ഥാനമായ മുളക്കുഴയിൽ വച്ച് നടന്നു. പാസ്റ്റർമാരായ തോമസുകുട്ടി ഏബ്രഹാം, ബാബു ചെറിയാൻ, വി.പി. തോമസ് എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർ ഷിബു കെ. മാത്യു സങ്കീർത്തനം വായനയ്ക്ക് നേതൃത്വം കൊടുത്തു. സ്റ്റേറ്റ് ബിലിവേഴ്സ് ബോർഡ് സെക്രട്ടറി ബ്രദർ ജോസഫ് മറ്റത്തുകാല സ്വാഗതപ്രസംഗം നടത്തി. സ്റ്റേറ്റ് ഓവർസിയർ റവ.സി.സി. തോമസ് മുഖ്യപ്രഭാഷണം നടത്തി. കർത്താവ് വരുമ്പോൾ പോകുക എന്നുള്ളതായിരിക്കണം നമ്മുടെ അത്യന്തികമായ ലക്ഷ്യമെന്നും, അതുകൊണ്ട് ദൈവസഭയുടെ നിലനിൽപ്പ് നമ്മുടെ ലക്ഷ്യമായിരിക്കണമെന്നും, ആയതിനായി എല്ലാവരും ഉൽസാഹിക്കണമെന്നും ഓവർസിയർ ഓർപ്പിച്ചു. പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജു ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തി. പാസ്റ്റർ ഏബ്രഹാം മാത്യുവിന്റെ ആശിർവാദത്തോടെ ആലോചനായോഗം സമാപിച്ചു.

2019 ജനുവരി 21–ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5.30 ന് നടക്കുന്ന ഉത്ഘാടന സമ്മേളനത്തിൽ സ്റ്റേറ്റ് ഓവർസീയർ റവ.സി.സി. തോമസ് കൺവൻഷൻ ഉത്ഘാടനം ചെയ്യും. എല്ലാ ദിവസവും വൈകിട്ട് പൊതുയോഗം ഉണ്ടായിരിക്കും. വൈ.പി.ഇ., സൺഡേസ്കൂൾ, എൽ.എം. സമ്മേളനം, ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ, മിഷൻ സമ്മേളനങ്ങൾ, പാസ്റ്റേഴ്സ് കോൺഫ്രൻസുകൾ തുടങ്ങി വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രോഗ്രാമുകൾ ഉണ്ടായിരിക്കും. എല്ലാ ദിവസവും ഭക്ഷണക്രമീകരണവും ഉണ്ടായിരിക്കും. സ്വദേശത്തും വിദേശത്തുമുള്ള അനേക ദൈവദാസന്മാർ ഈ പ്രാവശ്യത്തെ കൺവൻഷനിൽ ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും. സ്റ്റേറ്റ് ഓവർസിയർ റവ.സി.സി. തോമസ് ജനറൽ കൺവീനറായി വിപുലമായ ക്രമീകരണങ്ങളാണ് ഈ പ്രാവിശ്യത്തെ കൺവൻഷനിൽ നടത്തിവരുന്നത്.

**ചർച്ച് ഓഫ് ഗോഡ് കർണ്ണാടക സ്റ്റേറ്റ് കൺവൻഷനിൽ യുഗാന്ത്യ സന്ദേശം സ്റ്റാൾ പ്രവർത്തിക്കുന്നതാണ്. വരിസംഖ്യ പുതുക്കുവാനുള്ളവർ അവസരം പ്രയോജനപ്പെടുത്തുക.**

YUGANTHYA SANDHESHAM

**Patron**
Rev. Shaji K. Daniel
**Chief Editor**
Dr. Shibu K. Mathew
**Managing Editor**
Rev. J. Joseph
**Manager**
Pr. Shaiju Thomas
**Editorial Director**
John P. Ninan
**Circulation Manager**
Jacob Itty
**Sub Editor**
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Shaji Idukki
Rev. Lovegi Mathews Elias B.D.
**Overseas Editors**
Rev. John Thomas, Houston
Rev. Joe Kurian, England
Rev. Nibu Vellavanthanam,
Rev. Joy Abraham U.A.E
**Advisory Board**
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
K. Abraham Konni
Rev. T. Thomas
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese

Rev. P. C Cherian
Viju Thomas, Dallas
**Co-ordinators**
**Kuwait:** A.V. Sunny
Mathew Daniel
**Abudhabi:** Rev. P.T Prasad
Thomas Ninan
Rev. Jose Mallissery
**Sharjah:** Rev. Jose George
**Doha:** Lalu Jacob
**Saudi Arabia:** C. C. Chacko
Saji Chacko
Philip Abraham
**England:** Rohit Joseph
**Canada:** Wilson Varghese
**Jamaica:** Mohan
**Florida:** Samjee Varghese
**Dallas:** Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
**Houston:** James Samuel
**Tennassee:** Thomas Chacko
**Chicago:** Alex Ninan
**Detroit:** Roy Markose
**Philadelphia:** Jacob Varghese
**New Jersy:** Rev. Rajan Skaria
**New York:**
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
**Okalahoma:** Wilson John

Yuganthya Sandhesham
P.O. Box - 66, Thiruvalla - 1
Ph : 0469-2602838
Mob : 9446532838
9447313709
ysandhesham@saintly.com

**പത്രാധിപലേഖനം**

# വിധിയും വിശ്വാസവും



ഡോ. ഷിബു കെ. മാത്യു

**ഇ**ൻഡ്യയെ പിടിച്ചു കുലുക്കിയ സുപ്രധാന കോടതിവിധികളുടെ മാസമായിരുന്നു പോയമാസം. രാജ്യത്തിന്റെ നീതിന്യായവ്യവസ്ഥിതിയെ ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്. എന്നാൽ പരമോന്നത നീതിപീഠത്തിന്റെ സുപ്രധാനവിധികളും മതവിശ്വാസങ്ങളും തമ്മിൽ ഒത്തുപോകാത്ത ഒരു പ്രത്യേക സാഹചര്യമാണ് സംജാതമായിരിക്കുന്നത്. കോടതികളുടെ വിധികൾ ചോദ്യം ചെയ്യാതെ അംഗീകരിക്കപ്പെടേണ്ടതാണ്. എങ്കിൽത്തന്നെയും തങ്ങൾ വിശ്വസിക്കുന്ന വിശ്വാസപ്രമാണങ്ങളെ നെഞ്ചിലേറ്റിയിരിക്കുന്ന ഒരു ജനതയ്ക്ക് ഏറ്റ കനത്ത പ്രഹരമായിരുന്നു ഈ കോടതിവിധികൾ.

വേദപുസ്തകപ്രമാണങ്ങൾ വിശ്വസിക്കുന്നവർക്ക് ഉൾക്കൊള്ളുവാൻ കഴിയാത്ത രണ്ട് പ്രധാനവിധികളാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഒന്നാമത്തേത് ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 377-ാം വകുപ്പ് ചോദ്യം ചെയ്തു കൊണ്ടുള്ള ഹർജിയായിരുന്നു. സെപ്തംബർ മാസം 7-ാം തീയതി ഒരു സുപ്രധാന വിധിയിൽക്കൂടി 1961-ലെ ഇന്ത്യൻ ശിക്ഷാനിയമപ്രകാരം പത്ത് വർഷം വരെ ശിക്ഷ ലഭിക്കാവുന്ന സ്വവർഗവിവാഹത്തെ കോടതി സാധൂകരിച്ചിരിക്കുന്നത്. വേദപുസ്തകത്തിൽ അടിസ്ഥാനമുള്ള ലോകം അംഗീകരിച്ച കുടുംബം എന്ന വ്യവസ്ഥിതിയെത്തന്നെ ഈ വിധി ചോദ്യം ചെയ്തിരിക്കുകയാണ്. വഷളത്വം നിറഞ്ഞിരിക്കുന്ന ഈ തലമുറയിൽ വേദപുസ്തകപ്രമാണങ്ങൾക്കും സാമൂഹികവ്യവസ്ഥിതികൾക്കും ഒരു സ്ഥാനവും ഇല്ലെന്നുള്ളതാണ് സത്യം.

രണ്ടാമത്തെ വിധി ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 497-ാം വകുപ്പ് ഭരണഘടനാവിരുദ്ധമെന്ന് വിധിച്ചുകൊണ്ട് വിവാഹേതരബന്ധത്തെ പരമോന്നത കോടതി സാധൂകരിക്കുകയാണ് ചെയ്തിരിക്കുന്നത്. സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാബഞ്ചാണ് സുപ്രധാനമായ ഈ വിധി പുറപ്പെടുവിച്ചിരിക്കുന്നത്. തുല്യത, വേർതിരിവില്ലായ്മ, അന്തസ്സോടെയുള്ള ജീവിതം എന്നിവ സ്ത്രീക്ക് ഉറപ്പു നൽകണം എന്നും കോടതി ഉത്തരവിട്ടു. 'ഉടമയുടെ താൽപ്പര്യത്തിന് പൂർണ്ണമായി കീഴ്പ്പെടേണ്ട വസ്തുവാണ് സ്ത്രീ. സ്ത്രീ പുരുഷന്റെ സ്വത്തായി മാത്രം കാണുന്നു' തുടങ്ങിയവ സാമൂഹിക മേധാവിത്വമാണെന്നും കോടതി വിലയിരുത്തി. മകളുടെ മേലോ, ഭാര്യയുടെ മേലോ ഭരണാധിപത്യം പാടില്ലെന്നും തുല്യതയും അന്തസ്സും സ്ത്രീയുടെ അവകാശമാണെന്നും കോടതി വിലയിരുത്തി.

എന്നാൽ ഈ വിധി കുടുംബസാമൂഹിക ജീവിതങ്ങളെ സങ്കീർണ്ണമാക്കുവാനും വിവാഹവ്യവസ്ഥകൾ ദുർബലപ്പെടാനും, സാദ്ധ്യതയുണ്ട്. സ്ത്രീകളെയും, കുട്ടികളെയും ഈ വിധി ബാധിക്കുവാൻ സാധ്യതയുണ്ട്. സ്ത്രീക്കും പുരുഷനും തുല്യസ്ഥാനം കുടുംബത്തിലുണ്ട്. സ്ത്രീ പുരുഷന്റെ അടിമയല്ല. 'അവൾ നിന്റെ കൂട്ടാളിയും ധർമ്മപത്നിയുമല്ലോ' എന്നാണ് സ്ത്രീയെക്കുറിച്ച് വേദപുസ്തകം പറയുന്നത്. സ്ത്രീകൾ ഇന്ന് സമൂഹത്തിൽ നേരിടുന്ന പീഡനങ്ങൾക്കും, ഒറ്റപ്പെടുത്തലുകൾക്കും ഒരു പരിധിവരെ ഈ വിധി സഹായകമാകുമെങ്കിലും, തെറ്റായ ജീവിതരീതിയെ ഒരു കാരണവശാലും വേദപുസ്തകം പ്രോത്സാഹിപ്പിക്കുന്നില്ല.

രാജ്യനിയമങ്ങളും മതവിശ്വാസങ്ങളും തമ്മിൽ ഒത്തു പോകാത്ത ഒരു സാഹചര്യമാണ് ഇന്ന് ലോകത്തിൽ നിലനിൽക്കുന്നത്. കോടതികളും ഗവണ്മെന്റുകളും പല ഘടകങ്ങളെ ആശ്രയിച്ച് വിധികൾ പുറപ്പെടുവിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യും. എന്നാൽ വിശ്വാസസമൂഹത്തെ സംബന്ധിച്ചിടത്തോളം തിരുവെഴുത്തുകളെ അടിസ്ഥാനമാക്കി ജീവിതം മുമ്പോട്ടു കൊണ്ടുപോകുക എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഇങ്ങനെയുള്ള കോടതിവിധികൾ തിരുവെഴുത്തുകളുടെ മൂല്യമാണ് വിളിച്ചറിയിക്കുന്നത്. നമ്മൾ വിശ്വസിക്കുന്ന വചനം ശ്രേഷ്ഠമാണ്. കാലഘട്ടത്തിനനുസരിച്ച് മാറുന്നതല്ല വചനം. അത് എന്നേയ്ക്കും നിലനിൽക്കുന്നു. ആയതിനാൽ വചനാധിഷ്ഠിതമായ ഒരു ജീവിതം നയിക്കുവാൻ കർത്താവ് ഏവരേയും സഹായിക്കട്ടെ.

# വ്യാപാര യുദ്ധം കൊടുമ്പിരികൊള്ളുമ്പോൾ



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ
9447313709, 7561800305

**ഇ**ന്ന് ആഗോളതലത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന സാമ്പത്തിക വിഷയമാണ് വ്യാപാര യുദ്ധം. മറ്റ് യുദ്ധങ്ങളിൽനിന്ന് ഭിന്നമായി ഇതിന്റെ പ്രത്യേകത ഈ യുദ്ധത്തിൽ ആർക്കും വിജയിക്കാൻ കഴിയില്ലെന്നതാണ്. തോൽക്കുന്നത് ജനങ്ങൾ മാത്രം. സാമ്പത്തിക മുരടിപ്പ്, തൊഴിലില്ലായ്മ, വിലക്കയറ്റം, കറൻസികളുടെ മൂല്യശോഷണം ഓഹരി സൂചികകളുടെ തകർച്ച എന്നിവയാണ് ഈ യുദ്ധത്തിന്റെ അനന്തരഫലങ്ങൾ. ആഭ്യന്തര വിപണിയെ സംരക്ഷിക്കാനായി വ്യാപാര നയം ഉപയോഗപ്പെടുത്തി രാജ്യങ്ങൾ അന്യോന്യം ശിക്ഷിക്കുന്നതിനെയാണ് വ്യാപാര യുദ്ധമെന്നു പറയുന്നത്. മറ്റു രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്ത ഉത്പന്നങ്ങൾക്കുമേൽ ഇറക്കുമതി തീരുവ ചുമത്തിയും കയറ്റുമതിക്ക് സബ്സിഡികൾ അനുവദിച്ചുമാണ് രാഷ്ട്രങ്ങൾ തങ്ങളുടെ രാജ്യത്തിന് സാമ്പത്തിക സംരക്ഷണം നൽകുന്നത്.താരിഫുകൾ, നികുതികൾ, സബ്സിഡികൾ, നിയന്ത്രണങ്ങൾ, ക്വാട്ടകൾ എന്നിവയാണ് വ്യാപാര യുദ്ധത്തിലെ ആയുധങ്ങൾ. സാധാരണ രാജ്യങ്ങൾ തമ്മിൽ തർക്കമുണ്ടാകുമ്പോൾ അവർ ലോക വ്യാപാര സംഘടനയെയാണ് പ്രശ്നപരിഹാരങ്ങൾക്കായി സമീപിക്കുക. എന്നാൽ, ഇപ്പോഴത്തെ വ്യാപാര യുദ്ധത്തിൽ ക്രിയാത്മകമായി അവർക്ക് ഇടപെടാൻ കഴിയാത്ത നിലയിലായി മാറി.

ഏതാനും ദശകങ്ങൾക്കുമുമ്പ് മാത്രമാണ്, താരിഫ് മതിലുകളില്ലാതെ ലോകകമ്പോളത്തിൽ ഉടനീളം സ്വതന്ത്രവ്യാപാരത്തിനായി, ലോകരാജ്യങ്ങൾ ഒത്തു ചേർന്നത്. അതിലൂടെ, ആഗോളവൽക്കരണത്തെ ഉപയോഗപ്പെടുത്തി പുതിയ കമ്പോളങ്ങൾ ഉദാരമായി തുറന്നുകൊണ്ട്, പുരോഗതിയിലും മൈത്രിയിലും പുലരുന്ന ഒരു ലോകം സൃഷ്ടിക്കുമെന്നാണ് ഏവരും പറഞ്ഞിരുന്നത്. പക്ഷേ ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ലോകവ്യാപരയുദ്ധം എവിടെക്കാണ് പോകുന്നതെന്നറിയാതെ കുഴയുകയാണ് സാമ്പത്തീക വിദഗ്ദർ. അമേരിക്കയും ലോകത്തിന്റെ മറ്റു ഭാഗങ്ങളും തമ്മിൽ ഉയർന്നുവരുന്ന വ്യാപാര സംഘർഷങ്ങൾ ആഗോള സമ്പദ് വ്യവസ്ഥയെ 430 ബില്ല്യൺ ഡോളർ നഷ്ടത്തിലേക്ക് കൊണ്ടെത്തിക്കുമെന്ന് അന്താരാഷ്ട്ര നാണയ നിധി മുന്നറിയിപ്പ് നൽകുന്നു. ഈ യുദ്ധം തുടരുകയാണെങ്കിൽ അത് അമേരിക്കയെ തന്നെയാകും കൂടുതൽ ബാധിക്കുക. അമേരിക്കയും അവരുടെ വ്യാപാര പങ്കാളികളും ചേർന്ന് സൃഷ്ടിച്ചിരിക്കുന്ന ഭീഷണികൾ ആഗോള സാമ്പത്തിക വളർച്ചയെ 2020-ഓടെ 0.5% വരെ കുറയ്ക്കുകയോ, മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ 430 ബില്യൺ ഡോളർ കുറയുകയോ ചെയ്യുമെന്ന് ഐഎംഎഫ് പറയുന്നു. എല്ലാ സമ്പദ് വ്യവസ്തകളെയും കാര്യമായി ബാധിക്കുമെങ്കിലും ആഗോള വിപണികളിലെ കയറ്റുമതിയിൽ താരതമ്യേന ഉയർന്ന നികുതി വിഹിതത്തോടെ പ്രതിസന്ധിയുടെ കേന്ദ്രമെന്ന നിലയിൽ അമേരിക്ക സ്വയം അവരോധിക്കുമെന്ന് ഐഎംഎഫ് വിലയിരുത്തുന്നു. ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന 200 ബില്ല്യൺ ഡോളർ മൂല്യമുള്ള ചരക്കുകൾക്ക് 10% അധിക നികുതി ഏർപ്പെടുത്തിക്കൊണ്ട് 34 ബില്ല്യൺ ഡോളറാണ് ചൈനക്കുമേൽ ചുമത്തിയ അധിക നികുതി. അതിന് അതെ നാണയത്തിൽ മറുപടി നല്കുവാൻ അമേരിക്കൻ ഉൽപന്നങ്ങൾക്ക് തീരുവ ചുമത്തി ചൈനയും തിരിച്ചടിച്ചു. ഇത് കൂടുതൽ വ്യാപാര പ്രതിസന്ധിയിലേക്കാണ് ലോകത്തെ നയിക്കുന്നത്. യൂറോപ്യൻ യൂണിയനാണ് ഏറ്റവും വലിയ വ്യാപാര പ്രതിസന്ധി സൃഷിക്കുന്നതെന്നും അമേരിക്കൻ പ്രസിഡന്റ് നേരെത്തെ പറഞ്ഞിരുന്നു. വർദ്ധിച്ചുവരുന്ന സംഘർഷങ്ങൾക്കിടെ പുറത്തിറക്കിയ പുതിയ ആഗോള സാമ്പത്തിക അവലോകന റിപ്പോർട്ടിൽ ആഗോള സാമ്പത്തിക വ്യവസ്ഥ അപകടത്തിലാണെന്ന് ഐഎംഎഫ് പറയുന്നു. ആഗോള വളർച്ച ശക്തമായി തുടരുകയാണെങ്കിലും വികസനം കുറയുകയാണ്. രാജ്യങ്ങൾ സ്വന്തം താല്പര്യങ്ങൾ നോക്കുന്നതിന് ഒപ്പം പൊതുവായ താൽപര്യങ്ങൾ കൂടെ സംരക്ഷിക്കണമെന്നും ബഹുസ്വര സഹകരണം അത്യന്താപേക്ഷിതമാണെന്നും ഐഎംഎഫിന്റെ സാമ്പത്തിക ഉപദേഷ്ടാവായ മൗറിസ് ഒബ്സ്ഫെൽഡ് പറഞ്ഞു.

ദുർബലരായ അന്താരാഷ്ട്ര വ്യാപാരികൾ അടിയന്തിര ഭീഷണിക്കുപുറമേ അമിതമായ ഇത്തരം സംരക്ഷണ നടപടികൾ ബിസിനസ്സ് നിക്ഷേപത്തെ തടയിടുമെന്നും, ആഗോള വിതരണ ശൃംഖലകളെ തടസ്സപ്പെടുത്തുമെന്നും, ഉത്പാദനക്ഷമത കുറയ്ക്കുമെന്നും അത് ഉപഭോക്തൃ വസ്തുക്കളുടെ വില കുത്തനെ ഉയർത്തുമെന്നും ഐഎംഎഫ് മുന്നറിയിപ്പ് നൽകുന്നു. ലോക സമ്പദ്ഘടന കൂടുതൽ വെല്ലുവിളികൾ നേരിടുകയാണെങ്കിലും, ആഗോള സാമ്പത്തിക വളർച്ച 3.9 ശതമാനമായി തുടരുമെന്നും ഐഎംഎഫ് വിലയിരുത്തുന്നുണ്ട്. എന്നിരുന്നാലും, യൂറോപ്യൻ യൂണിയൻ, യുകെ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ ദുർബലമായ വളർച്ചക്കിടയിൽ രാഷ്ട്രീയ പിരിമുറുക്കങ്ങൾ വർദ്ധിക്കുന്നതിനാൽ മാന്ദ്യം തുടരും. യൂറോപ്യൻ രാജ്യങ്ങളായ ജർമ്മനി, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങളിൽ ഈ വർഷം വളർച്ചാനിരക്ക് കുത്തനെ കുറയുകയാണുണ്ടായത്. കഴിഞ്ഞ വർഷത്തെ കണക്കുകൾ നോക്കുമ്പോൾ വളർച്ചയിൽ 0.3 ശതമാനത്തിന്റെ കുറവാണ് ഉണ്ടായിരിക്കുന്നത്. യൂറോസോണിന്റെ വളർച്ചാ നിരക്ക് 2.2 ശതമാനമായി കുറയുമെന്നും ഐഎംഎഫ് പ്രവചിക്കുന്നു. 2.4 ശതമാനം വളർച്ച നേടുമെന്നായിരുന്നു നേരത്തെ പ്രവചിച്ചിരുന്നത്.

വ്യാപാര യുദ്ധം ആഗോളതലത്തിൽ തന്നെ പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. യൂറോപ്യൻ കമ്മിഷൻ യൂറോ മേഖലകളുടെ നടപ്പുവർഷത്തെ വളർച്ചാ അനുമാനത്തിൽ കുറവു വരുത്തിയിരിക്കുന്നു. ലോകമാകെയുള്ള ഓഹരി കമ്പോളങ്ങളിലെ സൂചികകൾ കുത്തനെ ഇടിഞ്ഞു കൊണ്ടിരിക്കുകയാണ്. വ്യാപാര യുദ്ധം കയറ്റുമതി ഉത്പന്നങ്ങൾക്ക് ഊന്നൽനൽകുന്ന ചൈനീസ് പ്രവിശ്യകളിലെ വ്യവസായങ്ങളെ സമ്മർദത്തിലാക്കിയിരിക്കുന്നു. പുതിയ തീരുവകൂടി ചുമത്തിയതോടെ ചൈനയിൽ ഏഴു ലക്ഷം തൊഴിലുകൾ ഇല്ലാതാകുന്നത്.അമേരിക്കയിലെ സ്ഥിതിയും ഭിന്നമല്ല. അവിടെ കാർഷിക ക്ഷീര മേഖലകളിൽ പ്രശ്നങ്ങൾ തലപൊക്കാൻ തുടങ്ങിയിരിക്കുന്നു. ട്രംപ് കർഷകർക്ക് 1,200 കോടി ഡോളറിന്റെ സഹായമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. വൻകിട അമേരിക്കൻ സ്ഥാപനങ്ങളായ മൈക്രോസോഫ്റ്റ്, ആമസോൺ, വാൾമാർട്ട് തുടങ്ങിയവ തീരുവയ്ക്കെതിരേ ശബ്ദമുയർത്താൻ തുടങ്ങി.നെറ്റ് ടെക്നോളജി ഉത്പന്നങ്ങൾ, മറ്റ് ഇലക്ട്രോണിക് ഉത്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായശാലകളിലെ ആയിരക്കണക്കിനു പേർക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഇതിനു സമാന്തരമായി, വളർന്നു വരുന്ന സാങ്കേതികവിദ്യാവ്യവസായത്തിന്റെ മേഖലയിൽ, സാങ്കേതികമായി പരസ്പരബന്ധിതമായ ലോകം എന്ന സങ്കൽപ്പം തന്നെ തകർച്ചയിലേക്കു ചായുകയാണ്. പകരം സാങ്കേതികവിദ്യാസംരക്ഷണവാദവും വേരുറപ്പിക്കുന്നു.ഇവിടെ മേൽക്കോയ്മക്കായി വിവിധ രാജ്യങ്ങൾ തമ്മിൽ മത്സരിക്കുന്നു. ചിലരീ കമ്പോളത്തെ നിയന്ത്രിക്കുവാൻ തങ്ങളുടേതായ വഴികൾ സൃഷ്ടിക്കുന്നു. ഇവിടെ ആവശ്യമായിരിക്കുന്നത് ഇത്തരം ജനവിരുദ്ധ പദ്ധതികളും, വാണിജ്യയുദ്ധങ്ങളും അവസാനിപ്പിക്കണമെന്ന മുദ്രാവാക്യമാണ് അവർ ഉയർത്തേണ്ടത്. ഇത്തരം ഹീനമായ പരിശ്രമങ്ങൾ നിർത്താനാണ് അവർ തങ്ങളുടെ സർക്കാരുകൾക്കുമേൽ സമ്മർദം ചെലുത്തേണ്ടത്. ലോകവ്യാപാരം ന്യായാനുസൃതമായി, പരസ്പരപ്രേരകമായ തരത്തിൽ നടത്തണമെന്നാണ് അവർ ആവശ്യമുയർത്തേണ്ടത്. ഇപ്പോഴത്തെ താരിഫ് യുദ്ധം അതിന്റെ പാതയിൽ അവശേഷിപ്പിക്കുന്ന പാഠം ഇതാണ്.

# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

05 - 10 - 2018

വാല്യം - 14 | ലക്കം: 10 | ഒക്ടോബർ 2018 | Annual Subscription RS. 100/-


## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് പ്രയർ സെൽ പ്രവർത്തനങ്ങൾ ഉത്ഘാടനം ചെയ്തു

*മീഡിയ കൺവീനർ:*
**പാസ്റ്റർ ജേക്കബ് ബെഞ്ചമിൻ**




പ്രെയർ സെൽ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനോൽഘടാനം പാസ്റ്റർ വൈ. റെജി നിർവ്വഹിക്കുന്നു.

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് പ്രെയർ സെൽ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനോൽഘാടനവും ഹൈറേഞ്ച് സോണൽ പ്രാർത്ഥനാ സംഗമവും സെപ്റ്റംബർ മാസം 18-ാം തീയതി ചപ്പാത്ത് ദൈവസഭയിൽ വച്ച് പ്രയർ സെൽ ഡയറക്ടർ പാസ്റ്റർ സജി ജോർജിന്റെ അദ്ധ്യക്ഷതയിൽ അഡ്മിനിസ്ട്രേറ്റിവ് അസ്സിസ്റ്റന്റ് പാസ്റ്റർ വൈ. റജി ഉദ്ഘാടനം ചെയ്തു.

പാസ്റ്റർ ഷാജി ഇടുക്കി പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ പ്രയർ സെൽ സെക്രട്ടറി പാസ്റ്റർ അനീഷ് ഏലപ്പാറ സ്വാഗതം പറയുകയും, ഹൈറേഞ്ച് മേഖലയിലെ ഡിസ്ട്രിക്റ്റ് പാസ്റ്ററൻമാരായ ഷാജി ഇടുക്കി, റ്റി. ജയിംസ്, റജി കുര്യൻ, റ്റി.പി. മാത്യു, അനീഷ് ഏലപ്പാറ, സോണൽ ഡയറക്ടർ പാസ്റ്റർ വൈ. ജോസ്, സെക്രട്ടറി പാസ്റ്റർ വി.ജെ. തോമസ്സ്, കോഓർഡിനേറ്റർ പാസ്റ്റർ ലൈജു നൈനാൻ എന്നിവർ ആശംസകളറിയിച്ചു. പ്രയർ സെൽ ട്രഷറർ പാസ്റ്റർ കെ.എ. ഡേവിഡ്, ബോർഡ് അംഗമായ പാ. സുനിൽ സ്കറിയ ആത്മീയ ആരാധനക്കും മീഡിയ കൺവീനർ പാസ്റ്റർ ജേക്കബ് ബഞ്ചമിൻ പ്രാർത്ഥനക്കും നേതൃത്വം നൽകി. ജോയിന്റ് ഡയറക്ടർ പാസ്റ്റർ ഈ.എസ്. ജോൺ അംഗങ്ങളായ പാസ്റ്റർ ജോർജ്ജ് തോമസ്, പാസ്റ്റർ ജോയി തോമസ്സ്, പാസ്റ്റർ തോമസ്സ് ജോർജ്, പാസ്റ്റർ റോയി തോമസ്, എന്നിവർ പങ്കെടുത്തു. പാസ്റ്റർ പി.വി. മാത്യു കൃതജ്ഞത പറയുകയും ജോയിന്റ് സെക്രട്ടറി പാസ്റ്റർ റോയി പി. ജോർജിന്റെ പ്രാർത്ഥനയോടും ഡയറക്ടർ പാസ്റ്റർ സജി ജോർജിന്റെ ആശീർവാദത്തോടും കൂടി യോഗം അവസാനിച്ചു.യോഗാനന്തരം പ്രളയത്തിൽ ബൈബിൾ നഷ്ടപ്പെട്ടവർക്ക് 50 ഓളം ബൈബിളുകൾ വിതരണം ചെയ്തു.

## പാസ്റ്റർ ജെയിം ജോൺ ചുമതലയേറ്റു



**വാർത്ത: നിബു വെള്ളവന്താനം**

**ഫിലഡെൽഫിയ:** പട്ടണത്തിലെ പ്രധാന സഭകളിൽ ഒന്നായ പെന്തക്കോസ്തൽ ചർച്ച് ഒഫ് ഫിലഡെൽഫിയായുടെ പുതിയ ശുശ്രൂഷകനായി പാസ്റ്റർ ജെയിം ജോൺ ചുമതലയേറ്റു. 2018 സെപ്തംബർ 23 ഞായറാഴ്ച്ച സഭായോഗത്തോടനുബന്ധിച്ച് സഭയുടെ സ്ഥാപക പാസ്റ്റർ ചെറിയാൻ പി ചെറിയാൻ, സഭാ ശുശ്രൂഷകൻ പാസ്റ്റർ ഗീവർഗീസ്സ് ചാക്കോ, സെക്രട്ടറി ഐസക്ക് കുരുവിള, സഹ ശുശ്രൂഷകന്മാർ തുടങ്ങിയവർ ചേർന്ന് പ്രാർത്ഥിച്ച് സഭയുടെ ഉത്തരവാദിത്തം കൈമാറി.

ഇൻഡ്യയിലും അമേരിക്കയിലും കനഡായിലും പഠിച്ച് ഗണിത ശാസ്ത്രത്തിൽ ബിരുദവും, തിയോളജിയിൽ ബിരുദാനന്തര ബിരുദവും എടുത്തശേഷം കഴിഞ്ഞ 17 വർഷമായി ടൊറാന്റോ ഐ പി സി ന്യൂ ഹോപ്പ് പെന്തക്കോസ്തൽ ചർച്ചിന്റെ സീനിയർ പാസ്റ്ററായി സേവനം അനുഷ്ഠിച്ചുവരികയായിരുന്നു.

പിസിനാക്ക് നാഷണൽ യൂത്ത് കോഡിനേറ്റർ, 2015 മുതൽ 2017 വരെ ഐ പി സി ഫാമിലി കോൺഫ്രൻസിന്റെ കാനഡാ സംസ്ഥാന പ്രതിനിധി തുടങ്ങിയ നിലകളിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ചങ്ങനാശ്ശേരിപായിപ്പാട് സ്വദേശി അൻസു അന്നാ ജോൺ ഭാര്യയും ജോവാന ജോൺ (11), ജോവെല്ല ജോൺ (8) എന്നിവർ മക്കളുമാണ്. ഐ പി സി ജനറൽ സെക്രട്ടറിയും പവർ വിഷൻ ചെയർമാനുമായ പാസ്റ്റർ ഡോ. കെ സി ജോണിന്റെയും പ്രെയിസ് ജോണിന്റെയും മകനാണ് പാസ്റ്റർ ജെയിം ജോൺ.

## പി.സി.എൻ.എ.കെ ഭാരവാഹികളുടെ യോഗം 6 ന്

**കുര്യൻ സഖറിയ**
*(നാഷണൽ മീഡിയ കോർഡിനേറ്റർ)*

**ഫ്ളോറിഡ:** 2019 ജൂലൈ 4 മുതൽ 7 വരെ മയാമി എയർപോർട്ട് കൺവൻഷൻ സെന്ററിൽ വെച്ച് നടത്തപ്പെടുന്ന 37 മത് പി.സി.എൻ.എ.കെ കോൺഫ്രൻസ് ദേശീയ ഭാരവാഹികളുടെയും സംസ്ഥാന പ്രതിനിധികളുടെയും യോഗം ഒക്ടോബർ 6 ന് ശനിയാഴ്ച രാവിലെ 9.30ന് ഡബിൾ ട്രീ ഹിൽട്ടൻ ഹോട്ടലിൽ വെച്ച് നടത്തപ്പെടും. ഉച്ചകഴിഞ്ഞ് 2 മണിക്ക് ലോക്കൽ ഭാരവാഹികളുടെ യോഗവും ഉണ്ടായിരിക്കുമെന്ന് നാഷണൽ കൺവീനർ റവ. കെ.സി.ജോൺ അറിയിച്ചു. പാസ്റ്റർ കെ.സി.ജോൺ ഫ്ളോറിഡ (നാഷണൽ കൺവീനർ), വിജു തോമസ് ഡാളസ് (നാഷണൽ സെക്രട്ടറി), ബിജു ജോർജ്ജ് കാനഡ, (നാഷണൽ ട്രഷറർ), ഇവാ. ഫ്രാങ്ക്ളിൻ ഏബ്രഹാം ഒർലാന്റോ (നാഷണൽ യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ അനു ചാക്കോ (ലേഡീസ് കോർഡിനേറ്റർ) എന്നിവരടങ്ങുന്ന ഭരണ സമിതിയാണ് 2019 ലെ മയാമി കോൺഫറൻസിനു നേതൃത്വം നല്കുന്നത്.

## ചർച്ച് ഓഫ് ഗോഡ് മലബാർ സോൺ ഉദ്ഘാടനം ചെയ്തു

**ഇരിങ്ങാലക്കുട:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് മലബാർ സോണിന്റെ പ്രവർത്തനോദ്ഘാടനം തൃശൂർ ടൗൺ ചർച്ചിൽ നടന്നു. അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റൻറ് പാസ്റ്റർ വൈ റെജിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ ദൈവസഭയുടെ വിവിധ ഡിപ്പാർട്ട്മെൻറ് ഭാരവാഹികൾ പങ്കെടുത്തു. ഓവർസിയർ പാസ്റ്റർ സി.സി തോമസ് ഉദ്ഘാടനം ചെയ്തു. ഈ സമ്മേളനത്തിന് സോണൽ ഡയറക്ടർ പാസ്റ്റർ ജോൺ ജോസഫ് ഇരിങ്ങാലക്കുട നേതൃത്വം നൽകി. മലബാർ സോണലിലെ ഇരിങ്ങാലക്കുട, തൃശൂർ, ഗുരുവായൂർ, പാലക്കാട്, മഞ്ചേരി, നിലമ്പൂർ, ഇടക്കര എന്നീ ഡിസ്ട്രിക്ടുകളിലെ ഡിസ്ട്രിക്ട് ശുശ്രൂഷകന്മാരും, സഭാ ശുശ്രൂഷകന്മാരും, ഡിസ്ട്രിക്ട് സെക്രട്ടറിമാരും, ലോക്കൽ സഭ സെക്രട്ടറിമാരും പുത്രിക സംഘടനകളായ വൈ.പി. ഇ, സണ്ടേസ്കൂൾ, എൽ. എം എന്നിവയുടെ ഡിസ്ട്രിക്ട് സെക്രട്ടറിമാരും സംബന്ധിച്ചു.

## ഐ പി സി ഡെൽഹി സ്റ്റേറ്റ് ശുശ്രൂഷകന്മാരുടെ സംയുക്ത സമ്മേളനം

**ന്യൂഡൽഹി:** ഐപിസി ഡെൽഹി സ്റ്റേറ്റ് ശുശ്രൂഷകന്മാരുടെ സംയുക്ത സമ്മേളനം ഒക്ടോബർ 19, 20 തീയതികളിൽ ഗ്രീൻ പാർക്കിലുള്ള കമ്മ്യൂണിറ്റി ഹാളിൽ നടക്കും.

പാസ്റ്റർ ഫിലിപ്പ് പി തോമസ്, ഐപിസി ഡൽഹി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ സാമുവേൽ എം തോമസ്, പേട്രൺ പാസ്റ്റർ കെ ജോയ് എന്നിവർ വിവിധ സെഷനുകളിൽ ക്ളാസുകൾ നയിക്കും. ഐ ഐ പി സി ഡൽഹി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ സാമുവേൽ എം തോമസ് ഉത്ഘാടനംചെയ്യും. ഡൽഹി സ്റ്റേറ്റിൽ ഉള്ള 150 ൽ പരം ശുശ്രൂഷകന്മാർ സംബന്ധിക്കും. ഐപിസി ഡൽഹി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കോൺഫെറൻസിനു നേതൃത്വം നല്കും.

## ചർച്ച് ഓഫ് ഗോഡ് ഹൈറേഞ്ച് സോൺ രൂപീകരിച്ചു



പാ. വൈ. ജോസ്



പാ. വി.ജെ. തോമസ്

**കട്ടപ്പന:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ഹൈറേഞ്ച് സോൺ രൂപികരിച്ചു. ഭാരവാഹികളായി പാസ്റ്റർ വൈ. ജോസ് (ഡയറക്ടർ), പാസ്റ്റർ വി. ജെ തോമസ് (സെക്രട്ടറി), പാസ്റ്റർ ലൈജു നൈനാൻ (കോ ഓർഡിനേറ്റർ) എന്നിവരെ ഓവർസിയർ പാസ്റ്റർ സി. സി തോമസ് നിയമിച്ചു. ചപ്പാത്ത് ദൈവസഭയിൽ ദൈവസഭ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജിയുടെ സാന്നിദ്ധ്യത്തിൽ നടന്ന മീറ്റിംഗിൽ സോണൽ കമ്മിറ്റി ഭാരവാഹികളെ തിരഞ്ഞെടുത്തു. ട്രഷററായി പാസ്റ്റർ ഷാജി. എം. സ്കറിയ (ഷാജി ഇടുക്കി), കമ്മറ്റി അംഗങ്ങളായി പാസ്റ്റർമാരായ റ്റി. പി. മാത്യു, അനിഷ് ഏലപ്പാറ, റ്റി. ജെയിംസ്, സഹോദരന്മാരായ മാത്യു ജോർജ്, എൻ. റ്റി തോമസ്, തോമസുകുട്ടി ഏബ്രഹാം, കുഞ്ഞുമോൻ, ബിബിൻ ബാബു, ഫിലിമോൻ എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്. തിരഞ്ഞെടുക്കപ്പെട്ടവരെ പാസ്റ്റർ വൈ. റെജി പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. ഹൈറേഞ്ച് സോണിന്റെ ഉദ്ഘാടന സമ്മേളനം ഒക്ടോബർ മാസം 12ാം തീയതി രാവിലെ 10 മണി മുതൽ ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കട്ടപ്പന സഭയിൽ വച്ച് നടക്കും. ഓവർസിയർ പാസ്റ്റർ സി. സി തോമസ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ച് സോണൽ ഭാരവാഹികളെ നീയമിക്കും. ഈ യോഗത്തിന് സോണൽ ഡയറക്ടർ പാസ്റ്റർ വൈ. ജോസ് നേതൃത്വം നൽകും.

## 4-14 വിൻഡോ കേരളാ സമ്മിറ്റ്

**തിരുവല്ല:** നാലു മുതൽ പതിനാലു വയസുവരെയുള്ള കുട്ടികളുടെ സമഗ്രവളർച്ചക്കായി യത്നിക്കുന്ന അന്താരാഷ്ട്ര മൂവ്മെന്റ് 4-14 വിൻഡോ യുടെ രണ്ടാമത് കേരളാ സമ്മിറ്റിന്, കേരളത്തിലെ പങ്കാളിയായ തിമഥി ഇൻസ്റ്റിട്ട്യൂട്ട് വേദി ഒരുക്കുന്നു. ഒക്ടോബർ 6 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെ തിരുവല്ല അർക്കാഡിയ ഹോട്ടലിൽവച്ച് നടക്കും. 4-14 മൂവ്മെന്റിന് ദേശീയ തലത്തിൽ നേതൃത്വം നൽകുന്ന രൂഫസ് രാജരത്നം, ഡോ. ഫിലിപ്പ് ചെറിയാൻ, ഡോ. പി.ആർ.ഡി പ്രഭു തുടങ്ങിയവർ സെഷനുകൾ നയിക്കും.

കുട്ടികളുടെ ഇടയിൽ നടക്കുന്ന ക്രിസ്തീയ ശുശ്രൂഷകളിൽ സഭയുടെ വിശാല ഐക്യത്തെ ലക്ഷ്യമാക്കി സമ്മേളിക്കുന്ന 4-14 വിൻഡോ കേരളാ സമ്മിറ്റിൽ കുട്ടികളുടെ ഇടയിലെ സുവിശേഷീകരണ സാദ്ധ്യതകളും നൂതന ആവിഷ്ക്കാര സാദ്ധ്യതകളും ബാലസുവിശേഷീകരണം നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്യപ്പെടും. ആധുനിക വിവരസാങ്കേതിക, ഇലക്ട്രോണിക് മികവുകൾ ബാല സുവിശേഷീകരണ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുവാൻ സഹായകരമാകുന്ന പഠനകളരികൾക്ക് അതതുമേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവർ നേതൃത്വം നല്കും.

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനാ പ്രതിനിധികൾ, സഭാ നേതൃത്വങ്ങൾ, വൈദീക സ്ഥാപനങ്ങൾ, മിഷൻ ഏജൻസികളുടെ പ്രതിനിധികൾ തുടങ്ങിയവർക്കാണ് സമ്മേളനത്തിൽ പങ്കെടുക്കുവാൻ കഴിയുക. കൂടാതെ ബാല സുവിശേഷികരണം ചെയ്യുന്നവർക്കും, താത്പര്യമുള്ള മറ്റുള്ളവർക്കും സമ്മേളനത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും വെബ്സൈറ്റ് സന്ദർശിക്കുക. (www.-4to14-kerala.-org; Tel:09656217909): ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്.

## 26-ാമത് ചെറുവക്കൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**ചെറുവക്കൽ :** ഐ.പി.സി. വേങ്ങൂർ സെന്ററിന്റെയും ന്യൂ ലൈഫ് സെമിനാരിയുടെയും കിളിമാനൂർ ഏരിയയുടെയും ആഭിമുഖ്യത്തിൽ ഡിസംബർ 23 മുതൽ 30 വരെ ചെറുവക്കൽ ന്യൂ ലൈഫ് ഗ്രൗണ്ടിൽ നടത്തപ്പെടുന്ന 26-ാമത് ചെറുവക്കൽ കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു.

ഈ വർഷം വിശാലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. സെന്റർ പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ ജനറൽ കൺവീനറായി 101 അംഗ കമ്മറ്റി പ്രവർത്തനങ്ങൾ ആരംഭിച്ചു. റവ. ഡോ. ജോൺസൺ ഡാനിയേൽ (ജനറൽ കൺവീനർ), പാസ്റ്റർ കെ. ഷാജി, പാസ്റ്റർ കെ. ബെന്നി (ജോയിന്റ് കൺവീനറന്മാർ), പാസ്റ്റർ ജിനു ജോൺ (പ്രോഗ്രാം), പാസ്റ്റർ ഫ്രാൻസിസ് മാത്യു (പ്രെയർ), പാസ്റ്റർ ജോൺസൺ എ. (പബ്ലിസിറ്റി), സുവിശേഷകൻ ജോൺസൺ ജെ., ബ്രദർ സാം സി. ഡാനിയേൽ (ഫിനാൻസ് & ട്രാൻസ്പോർട്ടേഷൻ)), ബ്രദർ ഡി. ജോൺകുട്ടി (വിജിലൻസ്), പാസ്റ്റർ ബിനുമോൻ (പന്തൽ), പാസ്റ്റർ മാത്യുകുട്ടി (അക്കൊമൊഡേഷൻ), പാസ്റ്റർ ജെയിംസ് വർഗ്ഗീസ് (ഫുഡ്) എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിദേശത്തു നിന്നും സ്വദേശത്തു നിന്നും ആയിരങ്ങൾ പങ്കെടുക്കുന്ന ഈ കൺവൻഷൻ തെക്കൻ കേരളത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമമാണെന്ന് സെക്രട്ടറി പാസ്റ്റർ ജിനു ജോൺ, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ജോൺസൺ എ. എന്നിവർ അറിയിച്ചു.



ബാംഗ്ലൂർ: ചർച്ച് ഓഫ് ഗോഡ് ഹോരമാവ് സഭയിൽ നടന്ന സ്നാനശുശ്രൂഷയ്ക്ക് പാസ്റ്റർ വിജീഷ്കുമാർ നേതൃത്വം കൊടുക്കുന്നു.



കർണ്ണാടക സ്റ്റേറ്റിൽ പാസ്റ്റർ എം.എസ്. ജോയി നടത്തുന്ന സ്നാനശുശ്രൂഷ




## Ayla Bawadi gets new Manager

Mr George Titus has been appointed as the new manager for the Ayla Bawadi hotel. Previously Cluster Director of Sales for the Ayla group, George is an Al Ain veteran with over 20 years of hotel industry experience.

First joining the Ayla Hotels in 2010, Mr. Titus restructured and strategically consolidated the Sales and Marketing channel, he streamlined a new strategy across the three hotels.

"With George's success at our Ayla Hotels & Resorts properties, we are delighted to recognise his achievements with his appointment to Hotel Manager for Ayla Bawadi Hotel," said Mr. Soussan, The Group General Manager. "His ability to implement creative and strategic plans to improve guest experiences and revenues across all facets of the hotel has been the key to his success. We are looking forward to his exciting new initiatives planned for George Titus."












# ചർച്ച് ഓഫ് ഗോഡിന്റെ പ്രവർത്തനങ്ങൾ വടക്കൻ കർണ്ണാടകയിലേക്ക് വ്യാപിക്കുന്നു



ചിത്രദുർഗ്ഗാ സഭയിൽ നടന്ന യോഗത്തിൽ സ്റ്റേറ്റ് ഓവർസീയർ പ്രസംഗിക്കുന്നു. സഭയുടെ സീനിയർ പാസ്റ്റർ എം.പി. അലക്സാണ്ടർ പരിഭാഷപ്പെടുത്തുന്നു. പാസ്റ്റർമാരായ ബിനു ചെറിയാൻ, ബെന്നി ഈപ്പൻ എന്നിവർ സമീപം

**ച**ർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കർണാടക സ്റ്റേറ്റ് വളർച്ചയുടെ പാതയിലാണ്. ബംഗളൂരിനും ചുറ്റുപാടിലും മാത്രമല്ല മദ്ധ്യ കർണ്ണാടകയിലും തെക്കൻ മേഖലയിലും, മൈസൂർ ഭാഗങ്ങളിലും പ്രവർത്തനം ശക്തമാകുന്നു. ദൈവസഭ നേതൃത്വവും ഇവാഞ്ചലിസം ഡിപ്പാർട്മെന്റും വളരെ ആത്മാർത്ഥമായി ഈ ദൗത്യത്തിൽ പങ്കു ചേരുന്നു എന്നുള്ളത് വളരെ ശ്ലാഘനീയമാണ്.

2018 മെയ് 8 മുതൽ 20 വരെ 'സുവാർത്താ പ്രയാണ്' എന്ന പേരിൽ ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ് ഒരു മിഷൻ ടൂർ സംഘടിപ്പിച്ചു. ഷിമോഗ, അനന്തപുര, എൻ.ആർ. പുര, മുണ്ടുകോട്, വിജയപുര, ചിത്രദുർഗ, യാതഗിരി, അദനി മുതലായ സ്ഥലങ്ങളിൽ ഇവാഞ്ചലിസം ടീം കടന്നു പോകുകയും സുവിശേഷ യോഗങ്ങൾ നടത്തുകയും ചെയ്തു. തത്ഫലമായി ഈ സ്ഥലങ്ങളിൽ അനേകർ സുവിശേഷത്തോട് ക്രിയാത്മകമായി പ്രതികരിക്കുകയും ചില സ്വതന്ത്ര സഭകളും ശുശ്രൂഷകന്മാരും ദൈവസഭയോട് ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു.

ചരിത്ര പ്രസിദ്ധമായ വിജയപുരയിൽ (ബൻജാര ജനവിഭാഗത്തിന്റെ ഇടയിൽ) പ്രവർത്തിക്കുന്ന ആറു സുവിശേഷകന്മാർ ദൈവസഭയുടെ കൂട്ടായ്മയിൽ ചേർന്നു പ്രവർത്തിക്കുവാൻ തീരുമാനമെടുത്തു. ഇതിൽ 450 ൽ പരം അംഗങ്ങൾ ഉള്ള, പാസ്റ്റർ തേജു ചൗഹാൻ ശുശ്രൂഷിക്കുന്ന ബൻജാര സഭ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു സഭയാണ്. കൂടാതെ ചവ്വനവാടി, മക്കനപ്പൂർ, അല്ലാപുർ, ഷാംപുര, അദനി എന്നീ സഭകളും ദൈവസഭയോട് ചേർന്ന് പ്രവർത്തിക്കുവാൻ തീരുമാനിച്ചു.

ഈ സുവിശേഷ യാത്രയെ കുറിച്ച് അറിഞ്ഞ, ചിത്രദുർഗ എന്ന സ്ഥലത്തു പ്രവർത്തിക്കുന്ന പാസ്റ്റർ എം. പി. അലക്സാണ്ടർ (കേരളത്തിൽ തലവടി ദൈവസഭാംഗം) ഇവാഞ്ചലിസം ടീമിനെ ചിത്രദുർഗ്ഗ സഭയിലേക്കു ക്ഷണിക്കുകയും ദൈവസഭയോട് ചേർന്നു പ്രവർത്തിക്കുവാനുള്ള താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. അതിമനോഹരമായ ഹാളും 350 ൽ അധികം വിശ്വാസികളുമുള്ള അനുഗ്രഹിക്കപ്പെട്ട ഒരു സഭയാണ് ഇത്. പിന്നീട് ഓവർസിയർ പാ. എം. കുഞ്ഞപ്പി ഈ സഭ സന്ദർശിക്കുകയും, സഭയെ ദൈവസഭയോട് ചേർക്കുവാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

ജൂലൈ 13 ൽ കൊപ്പാൽ ഡിസ്ട്രിക്റ്റിൽ സിദ്ധാപുര എബനേസർ പ്രയർ ഹാളിൽ ഇവാഞ്ചലിസം ടീം നടത്തിയ ഏകദിന സുവിശേഷ യോഗത്തിൽ, സിദ്ധാപുര, ഗംഗാവധി, സംഗപുർ, ബസപ്പട്ടൻ, ഹോസഹള്ളി, നെല്ലുടി, ശ്രീറാം നഗർ, കൊപ്പാൽ, റായ്ച്ചൂർ ഡിസ്ട്രിക്ടിലുള്ള യപ്പളടിന്ന, റായ്ച്ചൂർ, സിദ്ദന്നൂർ, മാനവി, ബെല്ലാരി ഡിസ്ട്രിക്ടിലുള്ള എം. കെ. നഗർ, ബെല്ലാരി എന്നീ സ്ഥലങ്ങളിലുള്ള ചില സ്വതന്ത്ര സഭകളും ശുശ്രൂഷകന്മാരും ദൈവസഭയോട് ചേരുവാനുള്ള അപേക്ഷ സമർപ്പിക്കയും ചെയ്തു. പാസ്റ്റർ എം. കുഞ്ഞപ്പി ഈ സഭകളെയും ദൈവദാസന്മാരെയും നേരിട്ട് കാണുകയും ഇന്റർവ്യു നടത്തുകയും ചെയ്തു. ദൈവസഭയോട് ചേരുവാനുള്ള അവരുടെ തീരുമാനത്തെ സ്വാഗതം ചെയ്യുകയും ചെയ്തു. സിദ്ധാപുര എബനേസർ പ്രയർ ഹാൾ ദൈവസഭയുടെ പേരിൽ എഴുതി നൽകാൻ സഭയും ശുശ്രൂഷകനും തങ്ങളുടെ സമ്മതം ഓവർസിയറെ അറിയിക്കുകയും ചെയ്തു.

2018 ജൂലൈ 20 മുതൽ 22 വരെ വിജയപുര ബൻജാരയിൽ ഇവാഞ്ചലിസം ഡിപ്പാർട്മെന്റ് സുവിശേഷ യോഗം നടത്തുകയും അനേകർ രക്ഷിക്കപ്പെടുകയും വിടുതൽ പ്രാപിക്കയും ചിലർ സുവിശേഷവേലക്കായി സമർപ്പിക്കുകയും ചെയ്തു.

വിവിധ സമയങ്ങളിലായി ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായ പാസ്റ്റർ ഇ.ജെ. ജോൺസൺ (ഇവാഞ്ചലിസം ഡയറക്ടർ) പാസ്റ്റർ ബിനു ചെറിയാൻ (സെക്രട്ടറി), ബോർഡ് മെമ്പേഴ്സായി പാസ്റ്റേഴ്സ് പി.വി. കുര്യാക്കോസ്, ടി.പി. ബെന്നി, വിജേഷ്കുമാർ എന്നിവരുടെ ആത്മാർത്ഥ സേവനം എടുത്തു പറയേണ്ട കാര്യമാണ്. കൂടാതെ പാസ്റ്റർ റോജി ഇ. സാമുവേൽ, സുവിശേഷകൻ കെ.കെ. പോൾ എന്നിവർ ടീമിന്റെ ആദ്യ സുവിശേഷ യാത്രയിൽ മുഴുവൻ സമയവും സുവിശേഷ പ്രവർത്തനത്തിൽ പങ്കാളികളായി എന്നത് നന്ദിയോടെ ഓർക്കുന്നു. ഇവാഞ്ചലിസം ഡിപ്പാർട്ടുമെന്റിനോടൊപ്പം തന്നെ സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങളും അനുഗ്രഹമായി നടക്കുന്നു. അത്തിബെല്ലയിൽ നടന്ന കൺവൻഷൻ അതിനു തെളിവാണ്. പാസ്റ്റർ ജെയ്മോൻ കെ. ബാബുവും ഇവാ. ജോർജ്ജ് മാമ്മനും മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

പുതുതായി ചർച്ച് ഓഫ് ഗോഡിനോട് ചേരുന്ന സഭകളെയും പാസ്റ്റേഴ്സിനേയും സ്റ്റേറ്റ് കൺവൻഷൻ സമയത്ത് സഭയുടെ ഏഷ്യൻ സൂപ്രണ്ട് ചർച്ച് ഓഫ് ഗോഡിനോട് സ്വീകരിക്കും.



സുവിശേഷകൻ കെ.കെ. പോൾ ദൈവവചനം ശുശ്രൂഷിക്കുന്നു.



ചർച്ച് ഓഫ് ഗോഡിനോട് കർണാടകയിൽ പുതിയതായി ചേരാൻ താല്പര്യപ്പെട്ട ശുശ്രൂഷകന്മാർ ഓവർസീയറോടൊപ്പം



സ്നാനപ്പെട്ടവർ സ്റ്റേറ്റ് ഓവർസീയറോടും ടീമിനോടും ഒപ്പം



സുവാർത്താ പ്രയാണയിൽ ചർച്ച് ഓഫ് ഗോഡിനോട് ചേരാൻ താല്പര്യപ്പെട്ട ശുശ്രൂഷകന്മാർ



സിദ്ധാപ്പുര സഭാഹാളിൽ സ്റ്റേറ്റ് ഓവർസീയർ പ്രസംഗിക്കുന്നു. സ്നാനപ്പെടുവാൻ തീരുമാനമെടുത്തവർ പ്രാർത്ഥനയ്ക്കായി മുന്നോട്ടു വന്നു നില്ക്കുന്നു. ഈ സഭാഹോളാണ് ദൈവസഭയ്ക്ക് എഴുതിത്തരുവാൻ ആഗ്രഹിക്കുന്നത്.



കോപാലിൽ നടന്ന സ്നാനശുശ്രൂഷ സ്റ്റേറ്റ് ഓവർസീയറുടെ നേതൃത്വത്തിൽ നടക്കുന്നു. പാസ്റ്റേഴ്സ് സാജൻ കുര്യാക്കോസും, ബിനു ചെറിയാനും ശുശ്രൂഷ നിർവ്വഹിച്ചു.



# രണ്ട് കാശിട്ട വിധവ



ജോൺസൺ കണ്ണൂർ
9847518230

**വേ**ർപെടുക എന്നർത്ഥമുള്ള ഒരു ഇൻഡോ-യൂറോപ്യൻ ധാതുവിൽ നിന്നാണ് വിധവ എന്ന പദത്തിന്റെ ഉത്ഭവം. ഭർത്താവുമായി ബന്ധം പിരിഞ്ഞ് മാറി നിൽക്കുന്ന സ്ത്രീകളേയും പണ്ട് കാലങ്ങളിൽ വിധവകൾ എന്ന് വിളിച്ചിരുന്നു. വൈധവ്യം അപമാനകരവും നിന്ദ്യവുമായി കരുതപ്പെട്ടിരുന്നു. അനാഥൻ, പരദേശി എന്നിവരുടെ ഗണത്തിലാണ് വിധവയേയും പെടുത്തിയിരുന്നത് (രൂത്ത് 1:20, യെശ. 54:4). ആദിമസഭയിൽ 'സാക്ഷാൽ വിധവമാർ' എന്ന ഒരു ഗണം ഉണ്ടായിരുന്നു. ന്യായാധിപനെ അസഹ്യപ്പെടുത്തിയ വിധവകളുടെ ഉപമ അക്കാലത്തെ വിധവകളുടെ അവസ്ഥ വെളിപ്പെടുത്തുന്നു.

നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഇന്നും വിധവയുടെ രണ്ട് കാശ് പ്രസംഗിക്കുന്ന മറ്റുള്ളവർ നോട്ടിന്റെ കെട്ടുകൾ ഇട്ടപ്പോൾ ഭണ്ഡാരം കുലുങ്ങി. വിധവ രണ്ട് കാശ് ഇട്ടപ്പോൾ സ്വർഗം കുലുങ്ങി.

തുകയുടെ വലിപ്പമല്ല അർപ്പകന്റെ മനസ്സിനാണ് സ്വർഗ്ഗം മാർക്കിടുന്നത്. കോടികൾ ഉള്ളവർ അവരുടെ സമൃദ്ധിയിൽനിന്നാണ് കൊടുക്കുന്നത്.

കൊടുക്കുന്നവനോ ദൈവം സമൃദ്ധി നൽകും എന്ന് പാടുന്ന ഇന്നത്തെ അല്പന്മാർക്ക് വിധവ വെല്ലുവിളിയാണ്.

*** കർത്താവിനാൽ പ്രശംസിക്കപ്പെട്ട വിധവ**

ഇപ്രകാരം ഒരു പ്രതികരണം യേശുവിൽ നിന്ന് ഉണ്ടാകുമെന്ന് വിധവ ഒരിക്കലും ചിന്തിച്ചില്ല. ആരും അറിയരുത് എന്ന് മനസ്സിൽ പറഞ്ഞുകൊണ്ടാണ് സമർപ്പിക്കുന്നത്. എന്നാൽ സകല ഹൃദയങ്ങളേയും ശോധന ചെയ്യുന്ന സ്വർഗ്ഗീയ കണ്ണ് ഇവളെ കണ്ടു. ആ രണ്ട് കാശിനൊപ്പം അവളെ മുഴുവനായി ഭണ്ഡാരത്തിൽ ഇടുകയായിരുന്നു.

ബാഹ്യമായ നോട്ടത്തിലല്ല കർത്താവിന്റെ വിധി. യേശു പ്രശംസിക്കണമെങ്കിൽ കർത്താവ് ഉദ്ദേശിക്കുന്ന നിലവാരം വേണം.

കഴമ്പും കഥയും ഇല്ലാത്തവരുടെ കാശിന്റെ ബലത്തിൽ അവരെ പ്രശംസിക്കുന്ന ഇന്നത്തെ വൻകിട നേതാക്കന്മാർക്ക് യേശു വെല്ലുവിളിയാണ്.

വിധവമാർക്ക് യാതൊരു വിലയുമില്ലാതിരുന്ന ആ കാലത്ത് യേശു ആ സ്ത്രീയെ പ്രശംസിച്ചത് അന്നത്തെ പ്രമാണിമാർക്ക് ഇരുട്ടടിയായി.

യേശു പ്രശംസിച്ചിട്ടുള്ളവരെ പഠിച്ച് നോക്കുക.

1. നിങ്ങൾ തിരിഞ്ഞ് ശിശുക്കളെ പോലെ ആകുന്നില്ലെങ്കിൽ.
2. ശതാധിപനെ പോലെ – (ലൂക്കൊസ് 8:10).
3. കനാന്യ സ്ത്രീയെ – നിന്റെ വിശ്വാസം വലിയത് (മത്താ. 15:28).
4. പാപിനിയായ സ്ത്രീയെ (ലൂക്കോസ് 7:44)

മേല്പറഞ്ഞവരെയൊന്നും സമൂഹം പ്രശംസിക്കുവാൻ സാധ്യതയില്ല. കർത്താവിനാൽ പ്രശംസിക്കപ്പെടുവാൻ മനുഷ്യരാൽ വിളങ്ങേണ്ടതിന് ഒന്നും വേണമെന്നില്ല. ഒരു പരമാർത്ഥ ഹൃദയം ഉണ്ടായാൽ മതി. സ്വാഭാവികമായി ആരും വിലമതിക്കാത്ത രണ്ട് കാശും അത് സമർപ്പിച്ച വിധവയും ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും പ്രതീകങ്ങളാണ്.

*** ഇല്ലായ്മയിൽനിന്ന് നല്കിയ വിധവ**

കൊടുക്കണമെങ്കിൽ സമൃദ്ധി വേണമെന്ന് വാദിക്കുന്നവർ ധാരാളമാണ്. മാനുഷികമായി നോക്കിയാൽ അത് സത്യവുമാണ്. എന്നാൽ സമൃദ്ധിയിൽ നിന്ന് നൽകിയാൽ സ്വർഗ്ഗം പ്രശംസിക്കുകയുമില്ല. അതിന് പ്രതിഫലവുമില്ല. 1000 രൂപ കൊടുക്കുവാൻ സാഹചര്യമുള്ളവൻ അത് നൽകിയത് ദൈവത്തിന് വിഷയമല്ല എന്നാൽ ആകെപ്പാടെ ഉണ്ടായിരുന്ന 1000 സ്തോത്രകാഴ്ചയായി നൽകുമ്പോൾ കർത്താവ് എഴുന്നേല്ക്കും.

അതിന് പ്രതിഫലവും നൽകും. മക്കദോന്യയിലെ വിശ്വാസികൾ സമൃദ്ധിയിൽ നിന്നാണോ നല്കിയത്.

നമ്മുടെ പിതാക്കന്മാർ ഇല്ലായ്മയിൽ നിന്ന് കർത്താവിന്റെ നാമത്തിനുവേണ്ടി നല്കിയവരല്ലേ.

ദരിദ്രയായ വിധവ എന്ന് ലൂക്കോസ് എടുത്തുപറയുന്നു. എനിക്ക് ഒന്നും ഇല്ലാത്തവളാണ് അതുകൊണ്ട് ഞാൻ കാണിക്ക ഇടുന്നില്ല എന്ന് തീരുമാനിക്കാമായിരുന്നു.

അങ്ങനെ വിചാരിച്ചിരുന്നെങ്കിൽ സുവിശേഷങ്ങളിൽ ഈ സംഭവം രേഖപ്പെടുത്തുകയില്ല. എന്നാൽ അപ്രകാരം സംഭവിച്ചതു കാരണം വിധവയും രണ്ട് കാശും നൂറ്റാണ്ടുകളായി ജനമനസ്സുകളിൽ നിന്ന് മായാതെ മറയാതെ ചർച്ചചെയ്യപ്പെടുന്നു അനേകർ പ്രസംഗിക്കുന്നു.

ഞെരുക്കത്തിൽ നിന്ന് സമർപ്പിക്കുന്നതിനെ തലമുറകൾ ഓർക്കുന്ന നിലയിൽ മാറ്റുവാൻ യേശുവിന്റെ ഒരു വാക്ക് മതി.

അവൾ ഏറ്റവും അധികം ഇട്ടു.

വലിയ തുക കർത്താവ് പിന്നീട് അവൾക്ക് നൽകിയതായി കാണുന്നില്ല. ഇനിയും മറുവശം: യേശു ഇതൊന്നും പറയാതെ കോടികൾ കൊടുത്ത് അവളെ സമ്പന്നയാക്കിയിരുന്നെങ്കിൽ സുവിശേഷങ്ങളിൽ ആ പ്രസ്താവന ചേർക്കപ്പെടില്ല. ആരും വിധവയെ ഓർക്കുകയുമില്ല.

ഇല്ലായ്മകളിൽ നിന്ന് സമർപ്പിക്കുന്നതിനെ നൂറ്റാണ്ടുകൾ പലത് കഴിഞ്ഞാലും മായാതെ നിൽക്കുന്ന വലിയ സംഭവമാക്കുവാൻ യേശുവിന്റെ ഒരു വാക്കിന് കഴിയും.

*** വളരെ രഹസ്യമായി നിക്ഷേപിച്ചു.............**

പണ്ടൊരു ക്രൂസേഡ് വീരൻ ഷാർജയിൽ വെച്ച് നിങ്ങളുടെ സ്തോത്രകാഴ്ച എടുത്ത് ഉയർത്തിപ്പിടിക്കുവാൻ പറഞ്ഞു. എല്ലാവരും കാൺകെ ചെറിയ തുക ഉയർത്തിപ്പിടിക്കുവാൻ കഴിയുമോ? ഇടയ്ക്കെല്ലാം വോളന്റിയർമാർ നില്പുണ്ട്.

തീരെ നിവൃത്തിയില്ലാത്തവരും 100 ദിർഹം എടുത്ത് ഉയർത്തി പിടിക്കാൻ നിർബന്ധിക്കപ്പെട്ടു. പാവങ്ങളെ ചൂഷണം ചെയ്യുന്ന തട്ടിപ്പുകൾ. ദ്രവ്യാഗ്രഹികൾ പണത്തിനുവേണ്ടി കാണിക്കുന്ന ഉപായങ്ങൾ.

ആരും അറിയാതെ കൊടുക്കാനാണ് കർത്താവ് പറയുന്നത്.

ഇവിടെ പലരും പ്രതാപം കാണിക്കാനും പരസ്യം വരുവാനും ഫോട്ടോ പ്രദർശിപ്പിക്കാനുമാണല്ലോ കർത്താവിനാണെന്ന പേരിൽ കൊടുക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ പെന്തക്കോസ്തു യുവജനസംഘടനയ്ക്ക് വർഷങ്ങൾക്ക് മുമ്പ് ഒരു മഹാൻ പുതിയ വാൻ ദാനമായി നൽകി. സ്പോൺസറെ പത്രങ്ങളിൽ വാനോളം പുകഴ്ത്തി. ഇപ്പോൾ വണ്ടി പോയിട്ട് വീല് പോലുമില്ല. ഈ കോടീശ്വരൻ തിരിച്ചെടുത്തുപോലും.

ഒരു കണ്ണിലും പെടാതെ രഹസ്യമായി ഇവൾ നിക്ഷേപിച്ചെങ്കിലും ഒരു മിനിറ്റിനുള്ളിൽ സകലതും കാണുന്ന സർവ്വശക്തന്റെ കണ്ണ് കണ്ടുപിടിച്ച് രഹസ്യം പരസ്യമാക്കി. തങ്ങൾ സമർപ്പിച്ചത് നാല് പേര് അറിയണമെന്ന് നിനച്ച് കെട്ടുകണക്കിന് പരസ്യമായി ഇട്ടിട്ടും യേശുവോ ശിഷ്യന്മാരോ ഗൗനിക്കുന്നില്ല. വലിയ കമ്പനികൾ ഓരോ പ്രോഗ്രാമിന് സ്പോൺസർ ചെയ്യും. അവരുടെ മാർക്കറ്റിങ്ങിനുള്ള പരസ്യമാണ്. പരസ്യത്തിന് കൊടുക്കുന്നുവെന്ന് മാത്രം. ഇവിടെ മെഗാ ചർച്ച് നടത്തുന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളും അത് തന്നെയാണ് ചെയ്യുന്നത്.

*** സ്വയം താഴ്ത്തുന്ന വിധവ**

തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും (ലൂക്കോ. 14:11).

പണത്തിന്റെ പ്രതാപമുള്ളവരെപ്പോലെ സ്വയം ഉയർത്തുവാൻ ഈ വിധവയ്ക്ക് കഴിവില്ല. സമ്പന്നർക്കൊപ്പം ഒരു കസേര ആയുസ്സിൽ ഇവൾക്ക് ലഭിക്കുകയുമില്ല. എന്നാൽ അവൾക്കുള്ള ചില്ലിക്കാശുമായി കാണിക്കവഞ്ചിയുടെ അടുത്തേക്ക് നടന്നുനീങ്ങിയപ്പോൾ ഈ പറഞ്ഞവരെക്കാൾ എല്ലാം അവൾ ഉയർത്തപ്പെട്ടു. ദൈവസന്നിധിയിൽ നമ്മെ തന്നെ താഴ്ത്തുവാനും ഉള്ളതിൽനിന്ന് കർത്താവിനെ മാനിക്കുവാനും തയ്യാറാണെങ്കിൽ നാം ദൈവത്താൽ ഉയർത്തപ്പെടും. എന്നുവെച്ചാൽ കോടികൾ തരുമെന്നല്ല. നമ്മിലുള്ള ദൈവത്തിന്റെ അംഗീകാരം പരസ്യമാക്കപ്പെടും. അഹങ്കാരത്തിന്റെയും അക്രമത്തിന്റെയും വിരുദ്ധകോടിയിൽ നിൽക്കുന്ന ഗുണമാണ് താഴ്മ. താഴ്മയുള്ളവനെ കടാക്ഷിക്കുകയും ഉയർത്തുകയും രക്ഷകൊണ്ട് അലങ്കരിക്കുകയും ചെയ്യുന്ന ഒരു ദൈവത്തെ തിരുവെഴുത്തിൽ കാണുന്നു (സങ്കീ. 147:6; 149:4). സത്യത്തിൽ ഇവിടെ ഇതു തന്നെയാണ് സംഭവിച്ചത്.

# വേദപുസ്തക പ്രമാണങ്ങൾക്ക് വിരുദ്ധം



പാസ്റ്റർ എം.കുഞ്ഞപ്പി

**വി**വാഹേതരബന്ധം ക്രിമിനൽ കുറ്റമല്ല എന്ന സുപ്രീംകോടതിവിധി വിശുദ്ധ ബൈബിളിലെ പ്രമാണങ്ങൾക്ക് വിരുദ്ധമാണ്. വിശുദ്ധ ബൈബിൾ വിശ്വസിക്കുന്ന ആർക്കും തന്നെ പ്രസ്തുത വിധി അംഗീകരിക്കുവാൻ കഴിയുന്നതല്ല. പ്രായപൂർത്തിയായവർ തമ്മിൽ പരസ്പര സമ്മതത്തോടെയുള്ള സ്വാഭാവികമല്ലാത്ത ലൈംഗിക ബന്ധം കുറ്റകരമല്ലെന്ന കോടതിയുടെ കണ്ടെത്തലും വിധിയും ബൈബിൾ പ്രമാണങ്ങൾക്ക് വിരുദ്ധമാണ്. IPC 377 -ാം വകുപ്പ് (പ്രകൃതിവിരുദ്ധ ലൈംഗികബന്ധം) കുറ്റകരമാക്കുന്ന നിയമം എടുത്തുകളഞ്ഞതും അംഗീകരിക്കുവാൻ സാദ്ധ്യമല്ല. സ്ത്രീ പുരുഷന് വേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. പുരുഷനെ സൃഷ്ടിച്ചത് സ്ത്രീക്ക് വേണ്ടിയല്ല. എന്നാൽ പുരുഷനെക്കൂടാതെ സ്ത്രീ ഇല്ല. സ്ത്രീ ഇല്ലാതെ പുരുഷനും ഇല്ല. അവിടെ സമത്വം വെളിവാകുന്നു എങ്കിലും സ്ത്രീക്ക് ലഭിച്ചിരിക്കുന്ന ശരീരഘടന അനുസരിച്ച് അവൾ ഒരു പുരുഷന് കീഴ്പ്പെട്ടേ മതിയാകയുള്ളൂ. പ്രത്യേകിച്ച് വിവാഹിതരാകുവാൻ ആഗ്രഹിക്കുന്ന സ്ത്രീകൾ, വിവാഹിതരായവർ തന്റെ ഭർത്താവിന് കീഴ്പ്പെട്ടേ മതിയാകയുള്ളൂ. സ്ത്രീക്ക് ഏദനിൽ സൃഷ്ടിതാവ് കൊടുത്ത ശിക്ഷ നോക്കുക (ഉല്പ. 3:16,17). "ഞാൻ നിനക്ക് കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും, നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടായിരിക്കും അവൻ നിന്നെ ഭരിക്കും" ആയിരം വനിതാവർഷം ആഘോഷിച്ചാലും ജീവിതകാലം മുഴുവൻ സമരം ചെയ്താലും ലോകഗവൺമെന്റ് നിലവിൽ വന്ന് അതിന്റെ പ്രസിഡന്റ് ഒരു വനിത ആയാലും സ്ത്രീക്ക് അവളുടെ പ്രകൃതിക്ക് വ്യത്യാസം വരുത്തുവാൻ കഴിയാത്ത കാലത്തോളം മുകളിൽപ്പറഞ്ഞ ബൈബിൾ പ്രമാണം തിരുത്തുവാൻ ഇവിടെ ആർക്കും കഴികയില്ല. ഭാര്യയുടെ തലയാണ് ഭർത്താവ്. പുരുഷന്റെ അസാനിദ്ധ്യത്തിൽ സ്ത്രീ പാപം ചെയ്തു അപ്പോൾ മുതലാണ് സ്ത്രീയുടെമേൽ പുരുഷാധിപത്യം ദൃഢമായത്. വിവാഹം കൂടാതെ പാർക്കുന്ന സ്ത്രീക്ക് കുറെയൊക്കെ പുരുഷന് കീഴ്പ്പെടാതെ തന്റേടം കാണിച്ചു പോകാമെങ്കിലും, ശരീരപ്രകൃതിയിൽ അവളെക്കൊണ്ട് കഴിയാത്ത പല കാര്യങ്ങളിലും അവൾ പുരുഷനെ ആശ്രയിക്കേണ്ടി വരും എന്നതാണ് സത്യം. മനുഷ്യ സൃഷ്ടി മുതൽ പുരുഷന് സ്ത്രീയുമേൽ ആധിപത്യം ഉണ്ട്. അത് സൃഷ്ടിതാവിന്റെ വ്യവസ്ഥിതിയാണ്. ഒരു പെൺകുട്ടി അവളുടെ ബാല്യകൗമാരപ്രായത്തിൽ അവളുടെ പിതാവിനേയും വിവാഹിതരായാൽ ഭർത്താവിന്റേയും പ്രായമായാൽ മക്കളുടേയും സംരക്ഷണയിൽ കഴിയേണ്ടവളത്രെ എന്ന് എല്ലാ മതഗ്രന്ഥങ്ങളും വിവക്ഷിക്കുന്നു. വിവാഹേതരബന്ധം തെറ്റു തന്നെ എന്ന ജസ്റ്റിസ് ഇന്ദു മൽഹോത്രയുടെ നിലപാടാണ് വിശുദ്ധ ബൈബിളിന്റെ നിലപാട്. ഒറ്റയ്ക്കാണെങ്കിലും തന്റെ നിലപാട് വ്യക്തമാക്കി ഭൂരിപക്ഷത്തോട് യോജിക്കാതെ നിന്ന ആ "മഹതിയെ" ബഹുമാനിക്കുന്നു. കുടുംബസാമൂഹിക ബന്ധങ്ങളെ സങ്കീർണ്ണമാക്കുന്ന വിധിയാണ് സുപ്രീംകോടതി വിധിച്ചത്. പത്തുകല്പനയിൽ പുറപ്പാട് 20:14,17 എന്നീ വ്യവസ്ഥകളുടെ ലംഘനമാണ് കോടതിവിധി. മാത്രമല്ല, യേശു തന്റെ പ്രസംഗത്തിൽ എടുത്തു പറഞ്ഞ പ്രമാണമാണ് വ്യഭിചാരം ചെയ്യരുത്, പരസ്പരസമ്മതത്തോടെയാണെങ്കിൽപ്പോലും പരപുരുഷ, പരസ്ത്രീ ബന്ധം പാപമാണെന്ന് ബൈബിൾ വിധിക്കുന്നു. ലോകത്തിലെ സകലനിയമങ്ങളും ഉരുത്തിരിഞ്ഞത് ബൈബിൾ വ്യവസ്ഥകളിൽ നിന്നാണ്. കാലാകാലങ്ങളിൽ മനുഷ്യൻ വരുത്തിയ മാറ്റങ്ങളാണ് ഇന്ന് പ്രമാണങ്ങളെ 0വികലമാക്കി മാറ്റിയത് (എബ്രായർ 13:4). വിവാഹം എല്ലാവർക്കും മാന്യം, എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും (മർക്കൊസ് 10:11,12). ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ അവൾക്ക് വിരോധമായി വ്യഭിചാരം ചെയ്യുന്നു. ഭർത്താവിന്റെ കാര്യവും അങ്ങനെതന്നെ ഇതിനെയാണ് പൗലോസ് റോമർ 7:2-5, ഭർത്താവും ഭാര്യയും ഒരു പ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. മരണത്താൽ അല്ലാതെ ഈ ബന്ധം വേർപിരിയുന്നില്ല.

ഇന്നത്തെ കോടതിവിധി ലൈംഗീക അരാജകത്വത്തിന് വഴിതെളിക്കും. അതുകൊണ്ടാണ് ഐ.പി.സി. 497-ാം വകുപ്പ് പുനഃസ്ഥാപിക്കണമെന്ന് വിനയപൂർവ്വം കോടതിയോട് അഭ്യർത്ഥിക്കുന്നത്. അല്ലെങ്കിൽ സ്ത്രീകളും കുട്ടികളും കൂടുതൽ അരക്ഷിതരും സാമൂഹിക സദാചാര മൂല്യങ്ങൾ നഷ്ടപ്പെട്ടവരും ആയിരിക്കും ഫലം. പാശ്ചാത്യരാജ്യങ്ങളെ ചുവടുപിടിച്ചുള്ള ഈ വിധി തിരുത്തപ്പെടേണ്ടതാണ്. സൃഷ്ടിതാവ് സൃഷ്ടിക്ക് നൽകിയ പ്രമാണങ്ങളെ തിരുത്തുവാൻ ഇവിടെ ഒരു സൃഷ്ടിക്കും അവകാശമില്ല എന്നത് വളരെ ഖണ്ഡിതമായി ഓർപ്പിക്കുന്നു.

# പിവൈപിഎ മലപ്പുറം സോണൽ ഭാരവാഹികൾ



**നിലമ്പൂർ:** പിവൈപിഎ മലപ്പുറം സോണൽ വാർഷികയോഗവും തിരെഞ്ഞെടുപ്പും സെപ്തം 9 ഞായറാഴ്ച നിലമ്പൂർ ടൌൺ ഐപിസി ചർച്ചിൽ നടന്നു. അടുത്ത മൂന്നു വർഷത്തെ ഭാരവാഹികളായി പാസ്റ്റർ ബിനിൽ വറുഗീസ്പെരിന്തൽമണ്ണ (പ്രസിഡണ്ട്), ബിനു സി.രാജുപൊന്നാനി, ജിബു നിലമ്പൂർ നോർത്ത് (വൈസ് പ്രസിഡണ്ടുമാർ), പാസ്റ്റർ. സ്റ്റീഫൻ മാത്യു നിലമ്പൂർ സൌത്ത്( സെക്രട്ടറി), സുജാസ് ചീരൻ മഞ്ചേരി , വിൽസൺമലപ്പുറം( ജോയിൻറ് സെക്രട്ടറിമാർ), സുരേഷ് കെ.കെപെരിന്തൽമണ്ണ (ട്രഷറാർ), പാസ്റ്റർ ജോർജ് ജോസ്നിലമ്പൂർ സൌത്ത് എന്നിവരെ പൊതുയോഗം തെരെഞ്ഞെടുത്തു. തെരെഞ്ഞെടുപ്പിന് പിവൈപിഎ മലബാർ മേഖലാ പ്രസിഡണ്ട് ഇവാ. സാം കൊണ്ടാഴി നേതൃത്വം നൽകി. പാസ്റ്റർ ജോജി എബ്രാഹാം, പാസ്റ്റർ പ്രെയ്സൺ മാത്യു, പാസ്റ്റർ മനോജ് മഞ്ചേരി, വിനോഷ് മാത്യു, പാസ്റ്റർ ജെമി പൊന്നാനി തുടങ്ങിയവർ നേതൃത്വം നൽകി.

# ലോകം സോദോമിലേക്ക്

(1-ാം പേജ് തുടർച്ച)

വം മനുഷ്യനെ അധിക ദുഷ്ടതയും ഹീനതയും നിറഞ്ഞ പാപങ്ങൾക്ക് 'ഏല്പിച്ച് കൊടുക്കും. മനുഷ്യരിൽ പ്രകൃതിദത്തമായ ആൺ പെൺ ആകർഷണത്തിന് വിപരീതമായി ഒരേ ലൈംഗികാവയവങ്ങളുള്ളവരാണ് പരസ്പരം ആകർഷിക്കുന്നതെങ്കിൽ തന്മാത്രാ ക്രമീകരണത്തിലുള്ള അപാകതപോലെ ഹോർമോൺ വ്യതിയാനത്താൽ വികലമായ മനോവൈകല്യമുള്ളവരായിട്ടാണ് അവരെ കണക്കാക്കേണ്ടത്. അവർക്ക് വേണ്ടത് ചികിത്സയാണ് അല്ലാതെ പരിപോഷിപ്പിക്കലല്ല. സ്വവർഗ്ഗ വിവാഹം നിയമവിധേയമാക്കിയാലുണ്ടാകുന്ന സാമൂഹിക ഭവിഷത്തുകളെ പറ്റി ആരും ചിന്തിക്കാത്തതെന്ത് എന്ന് മനസ്സിലാകുന്നില്ല. സ്വവർഗ്ഗാനുരാഗികൾക്കിടയിൽ ലൈംഗികതക്കപ്പുറം വൈകാരികമായ സ്നേഹവും ആത്മാർഥതയും ഉടലെടുക്കുമെന്ന് എത്രപേർക്ക് തറപ്പിച്ച് പറയാനാകും. സ്വാതന്ത്ര്യത്തിന്റെ പറുദീസയായി അറിയപ്പെട്ടിരുന്ന ഒരു രാജ്യത്താണ് ലൈംഗിക സ്വാതന്ത്ര്യം എന്ന 'മഹത്തായ ' കാര്യം നടന്നതിനുശേഷം കുട്ടികൾക്കും, രക്ഷിതാക്കൾക്കും, കുടുംബങ്ങൾക്കും കാലാകാലങ്ങളായി കിട്ടികൊണ്ടിരുന്ന സ്വാതന്ത്ര്യം, ഒരു ചെറിയ ന്യൂന പക്ഷത്തിനായി ബലികഴിക്കേണ്ടി വന്നത് എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഭൂരിപക്ഷത്തിന്റെ സ്വാതന്ത്ര്യം ന്യൂനപക്ഷത്തിനു വേണ്ടി ബലി കഴിക്കേണ്ടതുണ്ടോ.എല്ലാ നിയമങ്ങളെയും,പൊതു തത്വങ്ങളെയും ഡിസ്ക്രിമിനേഷന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനത്തിൽ വീക്ഷിക്കുകയും തീരുമാനം എടുക്കുകയും ചെയ്താൽ രാഷ്ട്രീയമായ അരാജകത്വത്തിലെയ്ക്കും ഭൂരിപക്ഷത്തിന്റെ സ്വാതന്ത്ര്യ നിഷേധത്തിനും ഇടവരുത്തും.

# നിത്യതയിൽ

## പാസ്റ്റർ എ.സി. കുര്യൻ



**മുണ്ടിയപ്പള്ളി:** ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭ സീനിയർ ശുശ്രൂഷകൻ ആനക്കല്ലുങ്കൽ പാസ്റ്റർ എ.സി. കുര്യൻ (ബേബിച്ചൻ-88) നിത്യതയിൽ പ്രവേശിച്ചു. ഐ.പി.സി ഹെബ്രോൻ ബൈബിൾ സ്കൂൾ പഠനാനന്തരം 1958 മുതൽ 60 വർഷം സഭാശുശ്രൂഷകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കറുകച്ചാൽ, കണിച്ചുകുളം, നാരകത്താനി, മുണ്ടിയപ്പള്ളി, ആനപ്രമ്പാൽ, വെട്ടിയാർ, നിരണം, മേപ്രാൽ, മേൽപ്പാടം, തിരുവല്ല, പൂവത്തൂർ, ഓതറ, വെണ്ണിക്കുളം, തുരുത്തിക്കാട്, വള്ളംകുളം, ആറാട്ടുപുഴ, കണിയാംപാറ എന്നീ സഭകളിൽ ശുശ്രൂഷകനായിരുന്നിട്ടുണ്ട്. സംസ്കാരശുശ്രൂഷകൾക്ക് പാസ്റ്റർ ബിജു തോമസ് നേതൃത്വം കൊടുത്തു. പാസ്റ്റർ സണ്ണി കുര്യൻ പ്രധാന ശുശ്രൂഷകൾ നിർവ്വഹിച്ചു. പാസ്റ്റർമാരായ കെ.സി. ജോൺ, ഫിലിപ്പ് പി. തോമസ്, രാജു പൂവക്കാല, എം. കുഞ്ഞപ്പി, ഷിബു നെടുവേലിൽ, വർഗീസ് മത്തായി, വൈ. റെജി, ജെ. ജോസഫ്, ഷിബു കെ. മാത്യു, ബ്രദർ ജോസഫ് മറ്റത്തുകാല തുടങ്ങി അനേക ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ഭാര്യ: കുഴിക്കാലയിൽ മേരിക്കുട്ടി, മക്കൾ: മേഴ്സി, അലക്സാണ്ടർ, പരേതരായ വത്സമ്മ, കൊച്ചുമോൾ, മോൻസി, മരുമക്കൾ: ഡോ. ജോസ് കോശി ജോർജ് (മാനേജിംഗ് ഡയറക്ടർ, ജോസ്കോ ഹോസ്പിറ്റൽ, എടപ്പോൺ, പന്തളം), റീജ അലക്സാണ്ടർ, കൊച്ചുമക്കൾ: ഡോ. ഫേബ, ദിയ.

## കെ. പി. തങ്കമ്മ



**കടുവാക്കുളം:** ചർച്ച് ഓഫ് ഗോഡ് കഞ്ഞിക്കുഴി സഭാംഗവും പ്ലാംമൂട്ടിൽ പരേതനായ സീനിയർ പോലീസ് ഓഫീസർ പി. വി. ജേക്കബിന്റെ ഭാര്യയുമായ കോട്ടയം ജില്ലാ ആശുപത്രി റിട്ട. സീനിയർ ഹെഡ്നേഴ്സ് കെ.പി. തങ്കമ്മ (76) നിത്യതയിൽ പ്രവേശിച്ചു. പാസ്റ്റർ ഡാനി ജോസഫ് സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു പാസ്റ്റർ പി.ജെ. ജെയിംസ് ശുശ്രൂഷ നടത്തി. പാസ്റ്റർ എം. കുഞ്ഞപ്പി സമാപന സന്ദേശം നൽകി. പാസ്റ്റർമാരായ ജെ.ജോസഫ്, ഷിബു കെ. മാത്യു, സി.എസ്. ഈശോ, ഏ.റ്റി. ജോസഫ്, പി.വി. ചെറിയാൻ, തോമസ്.എം.പുളിവേലിൽ തുടങ്ങി അനേകം കർത്തൃദാസന്മാർ ശുശ്രൂഷയിൽ സംബന്ധിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. മക്കൾ ജോട്ടി ജേക്കബ് (എസ്.പി. ഓഫീസ് കോട്ടയം), മോട്ടി ജേക്കബ് (സലാല). മരുമക്കൾ - മിനി (മാനേജർ സൗത്ത് ഇൻഡ്യൻ ബാങ്ക്), സിബി (സലാല). കൊച്ചുമക്കൾ: ജോയൽ, ഏബൽ, അർപിത്, സേറ, ജോഷ്വാ.

## ബേബി ജോർജ്



**റാന്നി :** ചർച്ച് ഓഫ് ഗോഡ് പൂവൻമല സഭാംഗം വടക്കേമുറിയിൽ ബേബി ജോർജ് (60) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ സഭാ സെമിത്തേരിയിൽ പാസ്റ്റർ എം.കുഞ്ഞപ്പി നിർവഹിച്ചു. പാസ്റ്റർ വൈ.റെജി സമാപന സന്ദേശം നൽകി. ശുശ്രൂഷകൾക്ക് പാസ്റ്റർ ഷിബു കെ. മാത്യു സഭാ ശുശ്രൂഷകൻ പാസ്റ്റർ റ്റി.ജെ. ജെയിംസ് എന്നിവർ നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ പി.ജെ. ജെയിംസ്, വൈ. ജോസ്, ജോയി ഏബ്രഹാം, സാംകുട്ടി മാത്യു, ജോസ് ജോർജ്, ഏബ്രഹാം മാത്യു, സണ്ണി ഏബ്രഹാം തുടങ്ങി രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലുള്ള അനേകർ അനുശോചനം അറിയിക്കുകയും ദൈവവചനം ശുശ്രൂഷിക്കുകയും ചെയ്തു. ഭാര്യ മോളി. മക്കൾ അഡ്വ. ബ്ലസൻ ജോർജ്, ബെൻസി (ദുബായ്), ബെറ്റ്സി (സെന്റ് തോമസ് കോളജ്, റാന്നി) സഹോദരങ്ങൾ തങ്കച്ചൻ, ജോയി, രാജു, വിൽസൺ പരേതനായ കുഞ്ഞുമോൻ.

## അന്നമ്മ ചെറിയാൻ



**അതിരുങ്കൽ:** ചർച്ച് ഓഫ് ഗോഡ് അതിരുങ്കൽ സഭാംഗം പറോലിൽ ഡെയിനീസ് ഗാർഡനിൽ അന്നമ്മ ചെറിയാൻ (അമ്മിണി, 80) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരശുശ്രൂഷ സഭാസെമിത്തേരിയിൽ കർണ്ണാടക സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി നിർവ്വഹിച്ചു. ശുശ്രൂഷകൾക്ക് ഡിസ്ട്രിക്ട് പാസ്റ്റർ ലാലി ഫിലിപ്പ് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ ഷിജു മത്തായി, റ്റി.എ. ജോർജ് (പുല്ലാട്), പി.റ്റി. സജി (സഭാ ശുശ്രൂഷകൻ) കെ.എം. വർഗീസ്, ഇവാ. ബാബു, ബ്രദർ ജേക്കബ് ഇട്ടി തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ഭർത്താവ്: മേലുകര പറോലിൽ സി. ചെറിയാൻ, മക്കൾ: ലോയി സി, ലിപ്സി, വിൻസി, ജോയൻ, മരുമക്കൾ: ബേബിക്കുട്ടി, സാംകുട്ടി, സാബു, മിനി (എല്ലാവരും യു.എസ്.എ).

## സോളി സജി



**കോതമംഗലം:** ഇന്ത്യ പൂർണ്ണ സുവിശേഷ ദൈവസഭാ കേരള സ്റ്റേറ്റ് ഇടുക്കി ഡിസ്ട്രിക്ടിലെ ചെറുതോണി സഭാ ശുശ്രൂഷകൻ പാസ്റ്റർ കെ. കെ.സജിയുടെ ഭാര്യ സോളി സജിയുടെ (41) ഭൗതീക ശരീരം പോത്താനിക്കാട് ആയങ്കര ദൈവസഭാ സെമിത്തേരിയിൽ സംസ്കരിച്ചു. തിങ്കളാഴ്ച പെട്ടെന്നുണ്ടായ ശാരീരിക അസ്വസ്ഥതയെ തുടർന്ന് ഇടുക്കി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു എങ്കിലും സ്ഥിതി അതീവ ഗുരുതരമായതിനാൽ കാരിത്താസ് ഹോസ്പിറ്റലിൽ മാറ്റി. വെന്റിലേറ്ററിന്റെ സഹായത്തോട് കൂടെയാണ് ജീവൻ നിലനിർത്തിപോന്നത്. ഹോസ്പിറ്റലിൽ വെച്ച് 13ാം തീയതി വ്യാഴാഴ്ച 1 മണിക്ക് താൻ പ്രീയം വെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെടുകയായിരുന്നു. കാരിത്താസ് ഹോസ്പിറ്റലിലെ മോർച്ചറിയിൽ സൂക്ഷിച്ച മൃതദേഹം വെള്ളിയാഴ്ച പുലർച്ചെ സോളി സജിയുടെ സ്വദേശമായ കാവലത്തേക്ക് കൊണ്ടുപോകുകയും ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്തു. സോളി സജിയുടെ ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ ബൈജു മാലക്കര നേതൃത്വം കൊടുത്തു. ഹൈറേഞ്ച് സോണൽ ഡയറക്ടർ പാസ്റ്റർ വൈ.ജോസ്, കൗൺസിൽ സെക്രട്ടറി ജെ. ജോസഫ് എന്നിവർ ദൈവവചന ശുശ്രൂഷ നടത്തി. പാസ്റ്റർമാരായ ഷിജു മത്തായി, തോമസ്കുട്ടി ഏബ്രഹാം, കെ. ജി ജോൺ, സാംകുട്ടി മാത്യു, ഡോക്ടർ ഐസക് സൈമൺ, വി. വി അലക്സാണ്ടർ, ബ്രദർ അജി കുളങ്ങര തുടങ്ങി അനേകം ദൈവദാസന്മാർ അനുശോചന സന്ദേശം അറിയിച്ചു. തുടർന്ന് അവിടെനിന്നു വൈകിട്ട് പാസ്റ്റർ സജിയുടെ നാടായ കോതമംഗലത്തു ഭൗതീക ശരീരം എത്തിച്ച് എം.എ കോളജിനു സമീപമുള്ള ചർച്ച് ഓഫ് ഗോഡ് ഹാളിൽ പൊതു ദർശനത്തിനു വെച്ചു. ശനിയാഴ്ച രാവിലെ 8 മണിക്ക് സംസ്കാര ശുശ്രൂഷ ആരംഭിച്ചു. ശുശ്രൂഷകൾക്ക് സഭാ പാസ്റ്റർ ഷിബു വറുഗീസ് നേതൃത്വം കൊടുത്തു. സഭയിലെ ശുശ്രൂഷയിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജി ദൈവവചനം ശുശ്രൂഷിക്കുകയും, സെമിത്തേരിയിലെ ശുശ്രൂഷകൾ മൗണ്ട് സയോൺ സെമിനാരി പ്രിൻസിപ്പാളും, കോതമംഗലം ഡിസ്ട്രിക്ട് ശുശ്രൂഷകനുമായ ഡോക്ടർ ഷിബു. കെ മാത്യു നിർവ്വഹിക്കുകയും ചെയ്തു. പാസ്റ്റർമാരായ എ. റ്റി ജോസഫ്, ക്രിസ്റ്റഫർ. റ്റി. രാജു, ഷാജി ഇടുക്കി, ജോൺസൻ ജോർജ്, റെജി കുര്യൻ, ജി. തോമസ്, ബേബി ഐസക്ക് ജോയി. എ ചാക്കോ, സി. ടി ചെറിയാൻ, ഷൈജു തോമസ് ഞാറയ്ക്കൽ, രാജീവ് സേവ്യർ, മാത്യു ബേബി, ബിനു ചെറിയാൻ തുടങ്ങി അനേകം ദൈവദാസന്മാർ അനുശോചന സന്ദേശം അറിയിച്ചു. മക്കൾ: ഹെക്സീബ, നിസ്സി മോൾ.

# ഭയപ്പെടേണ്ട, സർവ്വ ശക്തൻ ഒപ്പമുണ്ട്

### യുഗവീക്ഷണം



സാം.ടി. മൈക്കിൾ, ഇളമ്പൽ

'നമുക്ക് മുന്നേറാം സർക്കാർ ഒപ്പമുണ്ട്' എന്ന കേരള സർക്കാരിന്റെ ആപ്തവാക്യം ഏവർക്കുമറിവുള്ളതാണല്ലോ. പൗരന്റെ ഏത് അവസ്ഥയിലും ,നീതി നടപ്പിലാക്കാനും നിയമനിർമ്മാണത്തിനും, അവകാശ സംരക്ഷണത്തിനുമൊക്കെ ജനാധിപത്യ സർക്കാർ ഒപ്പമുണ്ടാവുക തന്നെ വേണം. ഏതൊരു സാധാരണക്കാരന്റെയും ജീവനും സ്വത്തിനും സംരക്ഷണം നൽകുക മാത്രമല്ല പ്രതിസന്ധി വേളകളിലും, നീതി നിഷേധിക്കപ്പെടുമ്പോഴും, മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുമ്പോഴും, ദുരന്ത സമയങ്ങളിലുമെന്നു വേണ്ടാ ജനങ്ങളോടൊപ്പം ഭരണഘടനാപരമായ അവകാശങ്ങൾ ഊട്ടിയുറപ്പിക്കാൻ ഏതു സമയത്തും സർക്കാർ ഒപ്പമുണ്ടാവുക തന്നെ വേണം.

എന്നാൽ ഏതെങ്കിലും ഒരു വ്യക്തിക്കോ, സമൂഹത്തിനോ,സർക്കാരിനോ ഒന്നും ചെയ്യാൻ പറ്റാത്ത സാഹചര്യങ്ങൾ അനവധിയുണ്ടെന്നോർക്കണം. പ്രകൃതിയുടെ മേലും, രോഗത്തിന്മേലും, മരണത്തിന്മേലുമൊക്കെ മാനുഷിക പ്രയത്നങ്ങൾ പലപ്പോഴും നിഷ്പ്രഭമാകുന്ന കാഴ്ചയാണ് പതിവ്. കൊടും വരൾച്ചയുടെ നാളുകളിൽ മഴ പെയ്യിക്കാൻ ഏതെങ്കിലും മാനുഷിക കരങ്ങൾക്ക് കഴിയുമോ? അതേപോലെ കനത്ത പേമാരിയെയും, കുത്തിയൊലിച്ചു വരുന്ന മലവെള്ളപ്പാച്ചിലിനെയുമൊക്കെ തടയാനും ആർക്കെങ്കിലുമാകുമോ? എന്നാൽ ഏത് പ്രതിസന്ധികളിലും ഒരു ദൈവ പൈതലിനൊപ്പം സകലത്തിന്റെയും അധികാരിയായ സർവ്വശക്തനായ ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടെന്നതാണ് സത്യം. ഈ ദിവ്യസാന്നിദ്ധ്യമാണ് ജീവിത യാത്രയിൽ ഭയശങ്കയില്ലാതെ ചുവടുവയ്ക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്.ആരും ഒപ്പമില്ലായെങ്കിലും കർത്താവ് ഒപ്പമുണ്ടെന്നുള്ളത് ആവേശം പകരുന്ന കാര്യം തന്നെയല്ലേ!

ഒരിക്കൽ പ്രാണഭയത്താൽ വീട് വിട്ടോടിയ യാക്കോബ് ലൂസ് എന്ന സ്ഥലത്തെത്തിയതും, ഒരു കല്ല് തലയണയായി വച്ച് ഉറങ്ങിയതും സ്വർഗ്ഗത്തോളമെത്തുന്ന ഗോവണിയിലൂടെ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന സ്വപ്നം കണ്ടതും ഏവർക്കുമറിവുള്ളതാണല്ലോ. അവിടെ യാക്കോബിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. ' യഹോവ ഈ സ്ഥലത്തുണ്ടായിരുന്നു, ഞാനോ അതറിഞ്ഞില്ല ' എന്ന വാക്കുകൾ ഒട്ടേറെ മാനങ്ങളാണ് നൽകുന്നത്. നാമൊന്നും അറിഞ്ഞില്ലെങ്കിൽ കൂടി, ഏത് പ്രയാസമേറിയ സ്ഥലങ്ങളിലും സർവ്വശക്തന്റെ സാന്നിദ്ധ്യം നമ്മോടൊപ്പമുണ്ടെന്നതാണ് സന്തോഷകരമായ വസ്തുത.

മരിച്ച് നാറ്റം വമിച്ച് നാല് ദിനം പിന്നിട്ടപ്പോൾ ലാസറിന്റെ ജീർണിച്ച ശരീരത്തെ ജീവൻ വയ്പിച്ചതും, നയീനിലെ വിധവയുടെ ഏകമകനെ ജീവിതത്തിലേക്ക് മടക്കി നൽകിയതും യേശു കർത്താവ് ഒപ്പമുണ്ടായിരുന്നതിനാലല്ലേ ?

കാറ്റിനെയും കടലിനെയും ശാസിച്ചമർത്തിയതും, അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചതും മറ്റൊരു തലമല്ല നൽകുന്നത്. ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏതു പ്രയാസവേളകളിലും ,അതായത് രോഗമോ ,ദുഃഖമോ, പ്രകൃതി ക്ഷോഭമോ എന്തായിരുന്നാൽ തന്നെയും സകലതിന്മേലും അധികാരമുള്ള യേശുക്രിസ്തു നമ്മോടൊപ്പമുണ്ട് എന്നതിൽ പരം ആനന്ദം വേറെയെന്താണുള്ളത്.

ജീവിതയാത്ര എപ്പോഴും സുഗമമാകണമെന്നില്ല. അതിൽ ഉയർച്ചതാഴ്ചകളും, ജയപരാജയങ്ങളുമൊക്കെ ഉണ്ടാകുന്നത് സ്വാഭാവികം. എന്നാൽ മറക്കേണ്ടാത്ത പ്രധാന കാര്യം ഏത് സമയങ്ങളിലും കർത്താവ് ഒപ്പമുണ്ടെന്നതാണ്. ഈ ദിവ്യസാന്നിദ്ധ്യം ജീവിതയാത്രയിലെ പ്രഭാതത്തിലും, മധ്യാഹ്നത്തിലും, പ്രദോഷത്തിലും മാത്രമല്ല ഇരുളടഞ്ഞ സമയങ്ങളിലും ഒപ്പമുണ്ടാവുക തന്നെ ചെയ്യും. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെയുണ്ടെന്ന ക്രിസ്തുവിൻ വാഗ്ദത്ത വചനം മറക്കാതിരിക്കാം.അതിനാൽ ജീവിതയാത്രയിൽ ലേശവും ഭയപ്പെടാതെ മുന്നേറാം, സർവ്വ ശക്തൻ ഒപ്പമുണ്ട്.

Call us : 9446532838, 9447313709
Mail Us : ysandhesham@saintly.com

# ദൈവീക പദ്ധതികൾ മനസിലാക്കി

(8-ാം പേജ് തുടർച്ച)

തുതായി കടന്നു വന്ന പാസ്റ്റർ തോമസ് കോശിയും പാസ്റ്റർ ഡോ.സി. പി. വർഗീസും ആശംസകൾ അറിയിച്ചു.

ഞായറാഴ്ച രാവിലെ 9 ന് ആരംഭിച്ച സംയുക്ത സഭാ ആരാധനയിൽ ഒർലാന്റോ ദൈവസഭ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജേക്കബ് മാത്യു തിരുവചന സന്ദേശം നൽകി. ഉറപ്പുള്ള അടിസ്ഥാനമാണ് ദൈവം. അവനിൽ വിശ്വസിക്കുന്നവൻ ഒരുനാളും കുലുങ്ങിപ്പോകയില്ല.ദൈവഹിതമല്ലാത്തതൊന്നും ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഉണ്ടാകരുത്. ജീവിതത്തിൽ ആപത്ത് ഉണ്ടാകുമ്പോൾ നാം ഒളിച്ചിരിക്കുന്ന മറവിടമായിരിക്കണം അത്യുന്നതിന്റെ വാസസ്ഥലമെന്ന് പാസ്റ്റർ ജേക്കബ് മാത്യു പറഞ്ഞു.

പാസ്റ്റർ വി.പി.ജോസ് ആരാധന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ലേക്ലാന്റ് എബനേസർ ഐ.പി.സി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ തോമസ് കോശി വിശുദ്ധ തിരുവത്താഴ ശുശ്രൂഷകൾക്കും പാസ്റ്റർ ജോൺ തോമസ് വചന ധ്യാനത്തിനും നേതൃത്വം നൽകി. ബ്രദർ നെബു സ്റ്റീഫന്റെ നേതൃത്വത്തിലുള്ള റീജിയൻ ക്വയർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. റീജിയൻ ജോ. സെക്രട്ടറി ബ്രദർ ചാക്കോ സ്റ്റീഫൻ നന്ദി പ്രകാശിപ്പിച്ചു.

പാസ്റ്റർ മാത്യു ജോസഫ് (പ്രസിഡന്റ്), പാസ്റ്റർ വി.പി.ജോസ് (സെക്രട്ടറി), ബ്രദർ ചാക്കോ സ്റ്റീഫൻ (ജോ. സെക്രട്ടറി), ബ്രദർ സജിമോൻ മാത്യു (ട്രഷറാർ) എന്നിവർ റീജിയൻ കൺവൻഷൻ ക്രമീകരണങ്ങൾക്ക് ചുമതലകൾ വഹിച്ചു.



വിടുതൽ ശുശ്രൂഷ തിരുവല്ലയിൽ
പാസ്റ്റർ ടി.എം.മാമ്മച്ചൻ
നേതൃത്വം നൽകുന്നു
എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ
ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ടൗൺ സഭാ ഹാൾ
(ടി.കെ.റോഡ്, റെയിൽവേ ഓവർബ്രിഡ്ജിന് സമീപം, തിരുവല്ല)
Mob: 9747994276
● പരാജയപ്പെടുന്നു എന്ന തോന്നലുകൾ ● തകർന്ന ജീവിത സാഹചര്യങ്ങൾ ● എല്ലാം നഷ്ടപ്പെട്ടു എന്ന ചിന്ത ● നിങ്ങളുടെ വിടുതൽ വേഗത്തിൽ സംഭവിക്കും

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446532838
E-mail : ysandhesham@saintly.com
Published from Thiruvalla on 05 - 10 - 2018

2018 OCTOBER

# YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2016-18
POSTED AT RMS THIRUVALLA ON 05-10-2018
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP/205/2016-18




**കർണ്ണാടകയിൽ (ബാംഗ്ലൂർ) ചർച്ച് ഓഫ് ഗോഡ് സഭാ നേതൃത്വം പണികഴിപ്പാൻ ആഗ്രഹിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ബൈബിൾ കോളേജ്, സ്റ്റേറ്റ് ഓവർസീയർ റസിഡൻസ്, ഓഡിറ്റോറിയം എന്നിവയുടെ ഛായാചിത്രം 5000 സ്കവയർഫീറ്റ് വസ്തുവിന് അഡ്വാൻസ് നല്കി എഗ്രിമെന്റ് ചെയ്തു. ഡിസംബർ മാസത്തിന് മുൻപ് ആധാരം എഴുതണം. ഒരു കോടി 70 ലക്ഷം രൂപയുടെ പ്രൊജക്ടാണ്. ഉദാരമായ സംഭാവന ഏവരിൽ നിന്നും പ്രതീക്ഷിക്കുന്നു. ഒരുലക്ഷവും അതിൽ അധികവും തരുന്നവരുടെ പേരുകൾ ഗ്രൗണ്ട് ഫ്ളോറിൽ ആലേഖനം ചെയ്യുന്നതാണ് (കേരളാ സ്റ്റേറ്റിൽ മുളക്കുഴ ഓഫീസിൽ ചെയ്തിരിക്കുന്ന മാതൃകയിൽ) സംഭാവന നല്കുന്ന മുഴുവൻ ദൈവമക്കളുടെ പേരും, തുകയും സഭപ്രസിദ്ധീകരിക്കുന്ന സുവനീറിൽ ഉണ്ടാകും. ഈ വലിയ ദൗത്യം വിജയിക്കുവാൻ ഏവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുവാൻ ദൈവസ്നേഹത്തിൽ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. 9447132838, 9448434135, 9886156224, 9900103250**

## ദൈവീക പദ്ധതികൾ മനസിലാക്കി വിശുദ്ധിയോടെ ജീവിക്കുക: റവ.ഡോ. സാബു വർഗീസ്



**(വാർത്ത: നിബു വെള്ളവന്താനം)**

**ഫ്ളോറിഡ:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ സൗത്ത് ഈസ്റ്റ് റീജിയൻ 18 മത് വാർഷിക കൺവൻഷൻ ഓഗസ്റ്റ് 31, സെപ്റ്റംബർ 1, 2 തീയതികളിൽ ഒർലാന്റോ ഐ.പി.സി സഭാഹാളിൽ വെച്ച് നടത്തപ്പെട്ടു. പാസ്റ്റർ ഡോ. ജോയി ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ 31ന് വെള്ളിയാഴ്ച റീജിയൻ പ്രസിഡന്റ് പാസ്റ്റർ മാത്യു ജോസഫ് ഉത്ഘാടനം ചെയ്തു. ഐ.പി.സി ജനറൽ കൗൺസിൽ അംഗം രാജൻ ആര്യപ്പള്ളിൽ സ്വാഗതം ആശംസിച്ചു.

'മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു' എന്ന കോൺഫ്രൻസ് ചിന്താവിഷയത്തെ ആസ്പദമാക്കി റവ.ഡോ സാബു വർഗീസ് (ഹൂസ്റ്റൺ) മുഖ്യ പ്രഭാഷണം നടത്തി. കണ്ണുനീരിന് വില കല്പിക്കുന്ന ദൈവം ഇന്നും ജീവിക്കുന്നു. പ്രാർത്ഥനയ്ക്കായ് ദൈവമക്കൾ എഴുന്നേല്ക്കുക, തലകുനിച്ച് നിൽക്കേണ്ട ദൈവസന്നിധിയിൽ നെഞ്ച് വിരിച്ച് നിൽക്കുന്ന പ്രവണത ഇന്ന് കണ്ടുവരുന്നു. ആരാധനയ്ക്ക് പ്രാധാന്യം നൽകി, വിശ്വാസം മുറുകെ പിടിച്ച് അഹങ്കാരം വെടിഞ്ഞ്, താഴ്മയോടെ ദൈവ പാദത്തിങ്കൽ നിന്നും അനുഗ്രഹം വാങ്ങുന്നവരായി നാം മാറണമെന്നും റവ.ഡോ. സാബു വർഗീസ് ഉദ്ബോധിപ്പിച്ചു

ശനിയാഴ്ച പകൽ 10 മുതൽ 1 വരെ നടന്ന സഹോദരി സമ്മേളനത്തിൽ സിസ്റ്റർ സൂസൻ ജേക്കബ് (ടൊറന്റോ) പ്രഭാഷണം നടത്തി. സഹോദരി സമാജം പ്രസിഡന്റ് സിസ്റ്റർ നാൻസി ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് നടന്ന സണ്ടേസ്ക്കൂൾ പി.വൈ.പി.എ സമ്മേളനത്തിൽ റിജോ രാജു അദ്ധ്യക്ഷത വഹിച്ചു. ജെയിംസ് മുളവന, ജസ്റ്റിൻ ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

സഹോദരന്മാരായ നോബി ഇട്ടി, സോൾ ബ്രിക്കൻ, ജോഷ്വ മുതലാളി എന്നിവർ വിവിധ ദിവസങ്ങളിലായി നടന്ന യൂത്ത് സെക്ഷനുകളിൽ ദൈവ വചനം സംസാരിച്ചു. ശനിയാഴ്ച നടന്ന പൊതുയോഗത്തിൽ റവ.കെ.സി ജോൺ അദ്ധ്യക്ഷത വഹിച്ചു. റീജിയനിലേക്ക് പു

*(ശേഷം പേജ് 7)*

# പ്രളയാനന്തരം കാരുണ്യകരസ്പർശവുമായി റവ. സണ്ണി താഴാംപള്ളവും ഡോ. ജോളി ജോസഫും



**മുൻസിപ്പൽ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ തിരുവല്ല വെമ്പാലയിലെ റവ. സണ്ണി താഴാംപള്ളത്തിന്റെ ഭവനത്തിൽ നടന്ന ദുരിതാശ്വാസസഹായം നൽകുന്നു. റവ. സണ്ണി താഴാംപള്ളം, ഡോ. ജോളി ജോസഫ്, പാസ്റ്റർ സി.പി. മോനായി, ജനപ്രതിനിധികളും സമീപം.**

**തിരുവല്ല:** പ്രളയദുരിതം സമ്മാനിക്കുന്നത് അതിരില്ലാത്ത മനുഷ്യസ്നേഹം. നാട്ടിലെവിടെയും ശുചീകരണവും ഭക്ഷണപദാർത്ഥങ്ങളുടെ വിതരണവും ഇനിയും അവസാനിക്കുന്നില്ല.

35 വർഷമായി ഹൂസ്റ്റണിൽ ജോലി ചെയ്യുന്ന സണ്ണി താഴാംപള്ളവും ഭാര്യ ഡോ. ജോളി ജോസഫും നാട്ടിലെ വെള്ളപ്പൊക്ക ദുരിതം കേട്ടറിഞ്ഞ് എത്തിയതു മുതൽ ഓരോ മേഖലയിലും എത്തി പരമാവധി സാധനങ്ങൾ നൽകി ദുരിതബാധിതരെ സഹായിക്കുകയാണ്. ദീർഘനാളായി വിദേശത്തായിരുന്നിട്ടും സ്വന്തം നാടിനെ മറക്കാതെ ജനങ്ങളുടെ കണ്ണീരൊപ്പാൻ വേണ്ടിയാണ് പ്രവാസിയും കുടുംബവും എത്തിച്ചേർന്നത്.

പ്രളയദുരന്തത്തിൽ നാടാകെ കണ്ണീർക്കയത്തിൽ നിൽക്കുമ്പോൾ തന്റെ നാട്ടുകാർക്കു കൈത്താങ്ങായി റവ. സണ്ണി താഴാംപള്ളവും ഭാര്യ ഡോ. ജോളി ജോസഫും.

പ്രളയത്തിൽ അകപ്പെട്ടപ്പോൾ അവർക്കായി എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹത്തിലാണു തിരുവല്ലായിലെ വെൺപാലയിലെത്തിയത്. 2000 പേർക്ക് തങ്ങളുടെ വകയായി അരിയും പലവ്യഞ്ജനവും പുതപ്പുമടങ്ങിയ കിറ്റ് വിതരണം ചെയ്തു. ഒരു കിറ്റിന് ഏകദേശം 1500 രൂപ വരും.. ഇവിടെ മാത്രം ഏകദേശം 15 ലക്ഷത്തോളം രൂപ ചെലവായതായി കണക്കാക്കുന്നു. ആലപ്പുഴ ജില്ലയിലെ രാമങ്കരി, കൈനകരി തുടങ്ങിയ പ്രദേശങ്ങളിലും കിറ്റുകൾ വിതരണം ചെയ്തിരുന്നു. ആകെ ഏഴു സ്ഥലങ്ങളിൽ കിറ്റുകൾ വിതരണം ചെയ്തു. കോട്ടയം ജില്ലയിലെ പാക്കിലും എറണാകുളം ജില്ലയിലെ പറവൂരിലും കിറ്റുകൾ വിതരണം ചെയ്തു. മൊത്തം 30 ലക്ഷം രൂപയുടെ വിതരണമാണ് സ്വന്തമായി ഇവർ ചെയ്തത്.

വെൺപാല ഗ്രാമത്തിലെ വീട്ടിൽ ബഥേസ്ദ ബൈബിൾ കോളേജും അതിനോടനുബന്ധിച്ച് വൈദികവിദ്യാർത്ഥികൾക്കായി ഹോസ്റ്റലും നടത്തുന്നു. 37 വർഷമായി റവ. സണ്ണിയും കുടുംബവും വിദേശത്താണ്. ഭാര്യ ഡോ. ജോളി ജോസഫ് ഹൂസ്റ്റൺ കമ്മ്യൂണിറ്റി കോളേജിൽ പ്രൊഫസർ ആണ്.

മക്കൾ: അഭിഭാഷകനായ ജോയൽ, ജെർമി, ഡാനി (ഇരുവരും മെഡിക്കൽ ഡോക്ടർമാർ). മാതാവിൽനിന്നും ലഭിച്ച ഈ ദാനധർമ്മം റവ. സണ്ണി കേരളത്തിലും. വടക്കേ ഇന്ത്യയിലും. ആഫ്രിക്കയിലും തുടർന്നുകൊണ്ടിരിക്കുന്നു. മുനിസിപ്പൽ കൗൺസിലർമാരായ ചെറിയാൻ പോളച്ചിറയ്ക്കൽ, ആർ. ജയകുമാർ, ബിജു ലങ്കാഗിരി, പാസ്റ്റർ സി.പി. മോനായി, മറ്റ് ജനപ്രതിനിധികൾ അടക്കമുള്ളവരും വിതരണത്തിന് പങ്കെടുത്തു.



**റവ. സണ്ണി താഴാംപള്ളവും ഡോ. ജോളി ജോസഫും ദുരിതാശ്വാസ സഹായവിതരണത്തിൽ അനുഭവം പങ്കുവയ്ക്കുന്നു.**

Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.